(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി10/1738/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ,കോഴിക്കോട്

ഇ-മെയിൽ -dokkd.ksad@kerala.gov.in

വെബ്-www.ksad.kerala.gov.in

ഫോൺ-0495 2371012

തീയതി:06.11.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആയഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആയഞ്ചേരി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി10/1738/2019 തിയ്യതി:06.11.2019

# കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.12.2018 മുതൽ 09.10.219 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മൂന്നെണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എം വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.10.2019 മുതൽ 21.10.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം കരുണാകരൻ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജയകുമാർ പാലോളി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഡാനിഷ് എ.ഇസെഡ്<br>ഓഡിറ്റർ. |
| | ശ്രീ.ജാസിർ സി.എം<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എം.എം നഷീദ | 01.04.2018മുതൽ 31.03.2019വരെ |
| സെക്രട്ടറി | ശ്രീ.മോഹൻരാജ് വി.പി<br>ശ്രീ.രാജീവ് പി | 01.04.2018മുതൽ 28.06.2018വരെ<br>28.06.2018 മുതൽ 31.03.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സുജിത് ടി.വി | 01.04.2018മുതൽ 29.06.2018വരെ |
| | ശ്രീ.അനീഷ്കുമാർ.ടി.പി | 29.06.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.അതുൽ.വി | 01.04.2018മുതൽ 22.11.2018 വരെ |
| | ശ്രീമതി രേണു.പി | 23.11.2018 മുതൽ 08.02.2019 വരെ |
| | ശ്രീമതി.ആതിര കെ.കെ. | 08.02.2019 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ.ശ്രീനേഷ് | 01.04.2018മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ. പി.എച്ച്.സി | ഡോ.ജ്യോതി<br>ഡോ.വിജിത്ത് പി.കെ | 01.04.2018 മുതൽ 04.07.2018 വരെ<br>04.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ.ഹോമിയോ | ഡോ.ജ്യോത്സ്ന | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.വിഷ്ണു എ.സി | 01.04.2018മുതൽ 31.01.2019 വരെ |
| | ശ്രീമതി സ്വീറ്റി | 31.01.2019 മുതൽ 19.03.2019 വരെ |
| | ശ്രീമതി രഗിന | 19.03.2019 മുതൽ 31.03.2019 വരെ |
| | | |

| | | |
|---|---|---|
| എെ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അനശ്രീ | 01.04.2018 മുതൽ 30.09.2018 വരെ |
| | ശ്രീമതി സുജല | 30.09.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.വേണുഗോപാലൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.മഹേഷ് കെ.കെ | 01.04.2018 മുതൽ 18.07.2018 വരെ |
| | ശ്രീ.ശ്രീജിത്ത് സി.പി | 18.07.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ.ജനീഷ് ടി.പി | 01.04.2018 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| | | |

| | | |
|---|---|---|
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വരവ് ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-12 |
| 13 | ചെലവ് - പൊതു അപാകതകൾ | 1-13 |
| | **ഭാഗം - 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 14 | ഇല്ല | 2-1 |
| | **ഭാഗം - 3** | |
| | **ചെലവ് - വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 15 | ഇല്ല | 3-1 |
| | **ഭാഗം - 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 16 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 17 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 18 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 19 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 20 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 21 | സ്ഥിരനിക്ഷേപം | 4-6 |
| 22 | ഓഡിറ്റ് റിക്കവറി | 4-7 |
| 23 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 24 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 25 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 26 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 27 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

20.03.2018 തീയതിയിലെ നം-1 /2018 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് .13.02.2019തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 15.05.2019 | | |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5528087 |
| വരവ് | 86593229 |
| ആകെ | 92121316 |
| ചെലവ് | 66749837 |
| നീക്കിയിരിപ്പ് | 25371479 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15326273 | 15326273 | 13361386 | 1964887 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1799000 | 1799000 | 1007990 | 791010 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 179000 | 179000 | 0 | 179000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7688000 | 7688000 | 2729454 | 4958546 |
| മെയിന്റനൻസ്, | 0 | 3203000 | 3203000 | 2702196 | 500804 |

| | | | | | | |
|---|---|---|---|---|---|---|
| നോൺ-റോഡ് (ACR പ്രകാരം) | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7114000 | 7114000 | 5507838 | 1606162 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 17661955.54 | 17661955.54 | 17661955.54 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 32146.80 | 780141/- | 812288.80 | 562969 | 249319.80 |
| **<u>കേന്ദ്രാവിഷ്കൃത ഫണ്ടുകൾ</u>** | | | | | | |
| എെ.സി.ഡി.എസ് | | 1508122 | 854556 | 2362678 | 1326754 | 1035924 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1755000 | 1755000 | 974400 | 780600 |
| | ജില്ലാ പഞ്ചായത്ത് | 201000 | 1068619 | 1278619 | 1049800 | 228819 |
| തനത് ഫണ്ട് | കേരള ഗ്രാമീൺ ബാങ്ക് തനത് ഫണ്ട്-അക്കൗണ്ട്-2751 | 3226567 | 8338948 | 11565515 | 9153861 | 2411654 |
| | എസ്.ബി.ടി ഇ-പേയ്മെന്റ് | 7355 | 31288 | 38643 | 0 | 38643 |
| | കനറ ബാങ്ക് ജലനിധി | 1007435 | 16013966 | 17021401 | 10546226 | 6475175 |
| | ട്രഷറി സ്പെഷ്യൽ ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 210000 | 2823619 | 3033619 | 2024200 | 1009419 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 225 | 90232228 | 84 | 38837710 | 5 | 136 | |

ആകെ അംഗീകരം ലഭിച്ച 225 പ്രോജക്ടുകളിൽ 84 എണ്ണം മാത്രമാണ് സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയത്. അസി.എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണത്തിലുള്ള വീഴ്ചയാണ് നടപ്പിലാക്കിയ

പ്രോജക്ടുകളുടെ എണ്ണം കുറവായതിനും അത് വഴി ഫണ്ട് നഷ്ടപ്പെടുന്നതിനും ഇടയാക്കിയത്. കൂടാതെ ഹെഡ്മാസ്റ്ററും പ്രോജക്റ്റ് നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കിയില്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 32147 | 780141/- | 812288/- | 562969 | 249319 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 17661955.54 | 17661955.54 | 17661955.54 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 247080 | 140 |
| കർഷകതൊഴിലാളി പെൻഷൻ | 9919100 | 788 |
| വിധവാപെൻഷൻ | 12491700 | 1053 |
| വാർദ്ധക്യകാലപെൻഷൻ | 14381400 | 1381 |
| വികലാംഗപെൻഷൻ | 4303900 | 344 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 238800 | 19 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1548/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ നിന്നും ബോധ്യപ്പെടുന്നു. കണക്കു സൂക്ഷിപ്പ്, വരുമാനം കണക്കാക്കലും പിരിച്ചെടുക്കലും, ചെലവുകൾ വഹിക്കുന്ന രീതി, പ്രവർത്തനങ്ങളുടെ സ്ഥാപന തല വിലയിരുത്തൽ എന്നീ തലങ്ങളിൽ പോരായ്മകൾ നിലനിൽക്കുന്നുണ്ട്. സ്ഥാപനത്തിന്റെ വരുമാനത്തെയും, നിയമപരമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിലെ കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്ന പോരായ്മകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

1) കെട്ടിടനിർമ്മാണം, കച്ചവടം തുടങ്ങി വിവിധ മേഖലകളിലെ നിയമപരമായ നിയന്ത്രണ സംവിധാനമായി പ്രവർത്തിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിൽ, കെട്ടിട നിർമ്മാണ പെർമിറ്റ് നല്കുന്നത് പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും പെർമിറ്റ് പ്രകാരമുള്ള കെട്ടിടങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ടോ, അല്ലാത്തപക്ഷം പെർമിറ്റ് പുതുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നില്ല. കെട്ടിടങ്ങളുടെ പൂർത്തീകരണം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

D&O ലൈസൻസിന്റെ കാര്യത്തിൽ ഓഡിറ്റ് വർഷത്തിൽ ഫീസിനത്തിൽ 67560/- രൂപയും അടുത്ത വർഷത്തെ മുൻകൂർ വരവായി 97800/- രൂപയുമാണ് വന്നിരിക്കുന്നത്. 2017-18 വർഷത്തിൽ മുൻകൂർ വരവ് 84700/ രൂപയാണ്. ഇതിൽ നിന്നും നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ (മേൽ ലൈസൻസിന്റെ കാര്യത്തിൽ പുതുതായി എടുക്കുന്നതും പുതുക്കുന്നതും ഒരു മാസം മുമ്പേയായിരിക്കണം. അതായത് പുതുക്കുന്നവയുടെ കാര്യത്തിൽ ഫെബ്രുവരി മാസത്തിനുള്ളിൽ ഫീസ് അടച്ച് അപേക്ഷ സമർപ്പിച്ചിരിക്കണം) ലൈസൻസ് പുതുക്കാതെയാണ് പല സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതെന്ന് കാണാം.

ഫീൽഡ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയ എല്ലാ മേഖലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം നിർണ്ണയിച്ച് കൊടുത്തെങ്കിലും ഇവ പാലിക്കപ്പെടുന്നുണ്ടോയെന്ന് മേൽനോട്ടം നടത്താത്തതാണ് മേൽ അപാകതയ്ക്കുള്ള ഒരു പ്രധാന കാരണം.

2) സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഡെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു

3) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.

4) സ്ഥാപനത്തിന്റെ ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ കൈകാര്യം ചെയ്യുന്നതും നികുതി നിർണ്ണയം നടത്തുന്നതും നികുതി നിർണ്ണയ വിഭാഗം തന്നെയാണ്. പൂർത്തീകരിച്ച കെട്ടിടങ്ങളിലെല്ലാം തന്നെ നികുതിനിർണ്ണയിക്കപ്പെട്ടവയാണ് എന്ന ഉറപ്പ് വരുത്തുകയെന്ന രജിസ്റ്ററിന്റെ ഒരു പ്രധാന ഉദ്ദേശ്യം ഇതുമൂലം സാധ്യമാകുന്നില്ല. നിർമ്മാണപൂർത്തികരണം ഉറപ്പുവരുത്തുന്ന വിഭാഗം തന്നെ രജിസ്റ്റർ സൂക്ഷിച്ചാൽ മാത്രമാണ് ഇത് സാധ്യമാകുക

5) വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ, ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽ പെടുന്നില്ല.സാമ്പത്തിക വർഷത്തെ എല്ലാ വൌച്ചറുകളും പ്രസിഡന്റ് അധികൃതമാക്കിയതായി കാണുന്നില്ല.

6) സെൽഫ് ചെക്ക് മുഖേന പിൻവലിക്കുന്ന തുകകൾ ക്യാഷ് ബുക്ക് വഴി വിതരണം ചെയ്യുമ്പോൾ വൗച്ചർ സൃഷ്ടിക്കപ്പെടുന്നെങ്കിലും ക്യാഷ് ബുക്കിൽ വൗച്ചർ നമ്പർ രേഖപ്പെടുത്തപ്പെടുന്നില്ല. വൗച്ചർ സൃഷ്ടിക്കപ്പെട്ടെങ്കിലും എവിടെ വൗച്ച് ചെയ്യപ്പെടുന്നു എന്നത് തിരിച്ചറിയപ്പെടാത്ത അവസ്ഥ ഇത് മൂലം സംജാതമാകുന്നു. ഇത് സാംഖ്യ സോഫ്റ്റ് വെയറിലെ അപാകതയാണെങ്കിലും ശ്രദ്ധയിൽ പെടുത്തി പരിഹരിക്കാൻ സ്ഥാപനം ശ്രമിച്ചിട്ടില്ല.

7) യാത്രാബത്തയുടെ കാര്യത്തിൽ ജീവനക്കാരുടെ യാത്രാബത്ത അനുവദിക്കുന്നത് അവരിൽ നിന്നും ക്ലെയിം (യാത്രാ ഡയറി) വാങ്ങാതെയാണ്. മൂവ്മെന്റ് രജിസ്റ്റർ അടിസ്ഥാനപ്പെടുത്തിയാണ് തുക നിശ്ചയിക്കുന്നതെന്നാണ് സ്ഥാപനം ഇക്കാര്യത്തിൽ നല്കിയ വിശദീകരണം.ഒരു ക്ലെയിം ഇല്ലാതെ തുക ചെലവഴിക്കുന്ന സ്ഥിതിവിശേഷം ഇതുമൂലമുണ്ടായി

8)ആസ്തികൾ വർഷാന്ത്യത്തിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നില്ല. കൂടാതെ വർഷാവർഷം വാങ്ങുന്ന ജംഗമ ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുമില്ല. ആസ്തികൾ നഷ്ടപ്പെട്ടു പോകാൻ ഇത് ഇടയാക്കാം.

9) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ മറ്റെല്ലാ വരവിനങ്ങളുടെയും കാര്യത്തിൽ വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല..

10) വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താനുള്ള സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.09.2019 | ആഗസ്റ്റ് 2018 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.10.2005-02.11.2005 | 2004-05 | എൽ.ബി.എ (എച്ച്.ക്യു)111/89-887/920 തി.06.02.2006 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വാർഷിക കണക്ക് പ്രകാരം TPA-151 ട്രഷറി അക്കൌണ്ടിൽ 232160/- രൂപ മുന്നിരിപ്പും നീക്കിയിരിപ്പും ഉണ്ട്. എന്നാൽ ഈ അക്കൗണ്ട് 29.10.2008 ൽ ക്ലോസ് ചെയ്തതാണ്. 13.01.2003 തിയ്യതിയിലെ നീക്കിയിരിപ്പ് തുകയായ 232160 രൂപയാണ് 2018 -19 വർഷത്തെ അക്കൗണ്ടിലും മുന്നിരിപ്പും നീക്കിയിരിപ്പും ആയി കാണിച്ചിരിക്കുന്നത്. അപാകത 2017-18 വർഷത്തെ അക്കൌണ്ട് പരിശോധന സാക്ഷ്യപത്രത്തിലും ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും തിരുത്തൽ വരുത്തിയിട്ടില്ല .

2. സ്ഥാപനത്തിന്റെ ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ട്രഷറി അക്കൌണ്ട് നമ്പർ 799011400001346), എസ്.ബി അക്കൗണ്ട് (അക്കൗണ്ട് നമ്പർ 71703140000000) എന്നിവയുടെ ബാങ്ക് ബുക്കുകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല. ഹാജരാക്കിയ റിക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ പ്രകാരം ഈ അക്കൗണ്ടുകളിലെ 31.03.2019 തിയ്യതിയിലെ ബാങ്ക് ബുക്ക് നീക്കിയിരിപ്പ് തുകകൾ യഥാക്രമം 1009419 രൂ , 13360610 രൂ എന്നിങ്ങനെയാണ്. ഈ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

3. കാനറാ ബാങ്കിലെ 4610101003477 നമ്പർ അക്കൗണ്ടിൽ (ജലനിധി അക്കൌണ്ട്) റിക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റ് പ്രകാരം 31.03.2019 തിയ്യതിയിൽ 6475175 രൂ ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പരിശോധനക്ക് ലഭിച്ചിട്ടില്ല. ടോട്ടൽ സാനിറ്റേഷൻ എന്ന അക്കൗണ്ടിന്റെ (KGB അക്കൗണ്ട് നമ്പർ 40115100109958 ) ബാങ്ക് ബുക്കും പരിശോധനക്ക് ലഭിച്ചിട്ടില്ല.

4. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ ചെക്കുകളെ Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. (ഉദാ. ചെക്ക് നമ്പർ 16047 തിയ്യതി 09.12.15 , തുക 2000 രൂ , ചെക്ക് നമ്പർ 43019 തിയ്യതി 11.10.18 , തുക 3780 രൂ )

5. സ്ഥാപനത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. 2018-19 വർഷത്തെ ബാലൻസ് ഷീറ്റിലെ B 14 ഷെഡ്യൂൾ പ്രകാരം സ്റ്റോക്ക് ഇൻ ഹാൻഡ് 256303 രൂ എന്നു കാണിച്ചിരിക്കുന്നതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6. സ്ഥാപനത്തിന്റെ തനത് ഫണ്ട് കേരള ഗ്രാമീൺ ബാങ്ക് ആയഞ്ചേരിയിലെ 40115100112751 നമ്പർ അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. അക്കൗണ്ടിന്റെ 31.03.2019 തിയ്യതിയിലെ റിക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റ് പ്രകാരം 109999 രൂ 'Cheque issued but not presented' എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയിൽ താഴെപ്പറയുന്ന ചെക്ക് തുകകൾ രണ്ട് പ്രാവശ്യം ഉൾപ്പെട്ടതായി കാണുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ, തിയ്യതി | ചെക്ക് തുക | വൌച്ചർ നമ്പർ, തിയ്യതി | വൌച്ചർ തുക |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1. | 043007, 15.9.18 | 14214 രൂ | 21800344, 15.9.18 | 14214 രൂ |
| 2. | 043007, 15.9.18 | 14214 രൂ | 21800345, 17.9.18 | 14214 രൂ |

ഒരേ ചെക്ക് നമ്പറിലുള്ള ഒരേ തുക രണ്ട് വൗച്ചറുകളിലായാണ് കാണിച്ചിരിക്കുന്നത്.

7. ഡെപ്പോസിറ്റ് രജിസ്റ്ററിലെ 2018-19 വർഷത്തെ അബ്സ്ട്രാക്ട് പ്രകാരം 2002-03, 2004-05 വർഷങ്ങളിലേതായി യഥാക്രമം 42542 രൂ, 42750 രൂ എന്നിങ്ങനെ അവശേഷിക്കുന്നതായി കാണുന്നു. ഇത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. മറ്റു വർഷങ്ങളിലെ വർഷം തിരിച്ചുള്ള അബ്സ്ട്രാക്ട് തയ്യാറാക്കിയിട്ടില്ല. 2018-19 വർഷത്തെ വാർഷിക കണക്കുകളിലെ B 7 ഷെഡ്യൂൾ പ്രകാരമുള്ള ആകെ തുക, തൻവർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ അബ്സ്ട്രാക്ടിലെ ആകെ തുകയുമായി പൊരുത്തപ്പെടുന്നുണ്ട്. എങ്കിലും താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

2018-19 വർഷത്തെ വാർഷിക കണക്കുകൾ B 7ഷെഡ്യൂൾ പ്രകാരം ലേല ഡെപ്പോസിറ്റ് ഇനത്തിൽ 32276 രൂ കാണിച്ചിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ അബ്സ്ട്രാക്ടിൽ ഇങ്ങനെയൊരു ഹെഡ് ഉൾപ്പെട്ടതായി കാണുന്നില്ല. കോൺട്രാക്ടേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് ഇ.എം.ഡി, ബിഡേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ B 7 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഈ ഹെഡുകളൊന്നും തൻവർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ അബ്സ്ട്രാക്ടിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

8. സ്ഥാപനത്തിൽ 2018-19 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ B 18 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

9. എല്ലാ മാസങ്ങളിലേയും റിക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വിവിധ അക്കൗണ്ടുകളുടെ 3/2019 മാസത്തെ റിക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റുകളാണ് പരിശോധനക്ക് ലഭിച്ചത്. ഇവയും സാക്ഷ്യപ്പെടുത്തിയിരുന്നില്ല.

10. 2018-19 വർഷത്തെ കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്ററിൽ (Building Application Register) തൻവർഷത്തെ കെട്ടിട നിർമ്മാണ അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ് എന്നിവയുടെ കലക്ഷൻ സംബന്ധിച്ച അബ്സ്ട്രാക്ട് എഴുതിയിട്ടില്ല .

11. തൊഴിൽ നികുതി ഇനത്തിൽ 2018-19 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി (ട്രേഡേഴ്സ് ) ഇനത്തിൽ 2018-19 വർഷത്തെ ഡിമാൻഡ് തുകയുടെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

12. 2018-19 വർഷത്തെ ബാലൻസ് ഷീറ്റിൽ B-4 ഷെഡ്യൂൾ പ്രകാരം ICDS, solid waste management, total sanitation, contribution for joint ventures (ജില്ല/ ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ) എന്നീ ഫണ്ടുകൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവക്കൊന്നും പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ B-4 ഷെഡ്യൂൾ പ്രകാരമുള്ള പ്രസ്തുത ഫണ്ടുകളിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

കൂടാതെ ജലനിധി അക്കൗണ്ടിൽ B-17ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുക 6475175 രൂപയാണ്. എന്നാൽ B-4 ഷെഡ്യൂളിൽ ഇത് 4547474 രൂപയാണ്.

13. MNREGS ഇനത്തിൽ വാർഷിക കണക്കുകളിലെ I-6 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ആകെ വരവ് തുക 18153923 രൂപയാണ്. എന്നാൽ പ്രസ്തുത ഫണ്ടിന്റെ ചെക്ക് ഇഷ്യു രജിസ്റ്ററിൽ

(MNREGS അക്കൗണ്ടന്റ് സൂക്ഷിക്കുന്നത്) രേഖപ്പെടുത്തിയത് പ്രകാരം 712725 രൂ അഡ്മിനിസ്ട്രേറ്റീവ് ഇനത്തിലെ വരവും 9416 രൂ പലിശ വരവും 17661955.54 രൂ ഇ.എഫ്.എം.എസ് വരവ് /ചെലവുകളും അടക്കം 2018-19 വർഷത്തെ ആകെ വരവ് 18384096.5 രൂപയാണ്.

14. തൻവർഷം വായ്പ ഇനത്തിൽ ലഭിച്ച തുക (ആർ.പി 32) ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് തുക (ആർ.പി 45) ൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-12 വരവ് ഓഡിറ്റ് നിരീക്ഷണങ്ങൾ

**1-12.1.വസ്തു നികുതി -നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല**

സ്ഥാപനത്തിലെ നികുതി അടക്കാൻ ബാധ്യസ്ഥമായ എല്ലാ കെട്ടിടങ്ങളും നികുതി പരിധിയിൽ വന്നുവെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കണക്കുകളിലെ വിവിധ തലങ്ങളിലുള്ള പൊരുത്തക്കേടുകളും മറ്റ് അപാകതകളും ഇത് വ്യക്തമാക്കുന്നു. വിശദാംശം താഴെ കൊടുക്കുന്നു

**1.രേഖകളില്ലാത്തതിനാൽ കണക്കുകളുടെ പൊരുത്തം പരിശോധിക്കാനാകുന്നില്ല**

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഓഡിറ്റ് വർഷത്തിൽ ആകെ 10068 ഡിമാന്റുകളാണുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2013-14 വർഷം മുതൽ കെട്ടിട നികുതിയുടെ അസസ് മെന്റ്, ഡിമാന്റ് കലക്ഷൻ എന്നിവ സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ് ചെയ്തു വരുന്നത്. സ്ഥാപനത്തിൽ അവസാനമായി തയ്യാറാക്കിയതും ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയതുമായ ഡിമാന്റ് രജിസ്റ്റർ 2012-13 വർഷത്തേതാണ്. ഈ ഡിമാന്റ് രജിസ്റ്റർ പ്രകാരം 8571നികുതി ഡിമാന്റുകൾ സ്ഥാപനത്തിലുണ്ടായിരുന്നു. സ്ഥാപനത്തിൽ പരിപാലിച്ചുപോന്ന ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ പരിശോധിച്ചാൽ 2013-14 മുതൽ 2018-19 വരെയുള്ള കാലയളവിൽ ആകെ നിർമ്മിക്കപ്പെട്ട പുതിയ കെട്ടിടങ്ങൾ എത്രയെന്ന് കണ്ടെത്താവുന്നതും ഇതു പ്രകാരം നിലവിലുണ്ടാകേണ്ട ആകെ ഡിമാന്റ് എത്രയെന്ന് തിട്ടപ്പെടുത്താവുന്നതുമായിരുന്നു. എന്നാൽ മേൽ രജിസ്റ്റർ ഹാജരാക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റിന്റെ കൃത്യത മേൽ രജിസ്റ്ററിന്റെ അഭാവത്തിൽ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

**2. പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല. അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല.**

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല (ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം പൂർത്തീകരണം രേഖപ്പെടുത്തിയിട്ടുണ്ട്). ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണ വിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു

മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തതും നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്.

## 3 <u>ലൈസൻസിംഗിലെ പ്രവണതകൾ പരിശോധിക്കപ്പെടുന്നില്ല</u>

കെട്ടിടനിർമ്മാണ ലൈസൻസ് മേഖലയിലെ പ്രവണതകൾ വിലയിരുത്തി അനധികൃത നിർമ്മാണത്തിന്റെ തോത് തിരിച്ചറിയാൻ സ്ഥാപനം ശ്രമിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ഇനത്തിലെയും റഗുലറൈസേഷൻ ഫീസ് ഇനത്തിലെയും വരവ് യഥാക്രമം 140118/- രൂപയും 110944/- രൂപയുമാണ്. അതായത് പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ അതിന്റെ നേർ പകുതിയോളം നിർമ്മാണ പ്രവർത്തനങ്ങൾ അനധികൃതമായി നടക്കുന്നെന്ന് ഇത് വ്യക്തമാക്കുന്നു. നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ നിർമ്മാണം നിയന്ത്രിക്കപ്പെടുന്നില്ല എന്നതിനൊപ്പം നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ സമയബന്ധിതമായി നികുതി അസസ് ചെയ്ത് ഡിമാന്റിൽ ഉൾപ്പെടുത്തുന്നുമില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ കെട്ടിടങ്ങൾ നികുതി പരിധിയിൽ പെടാതെ ഒഴിഞ്ഞു പോകുന്നെന്ന് ഇത് സാക്ഷ്യപ്പെടുത്തുന്നു.

മേല്പറഞ്ഞ അപാകതകൾ നിലനില്ക്കേ ഇക്കാര്യങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടില്ലെന്ന് മിനിട്സ് സാക്ഷ്യപ്പെടുത്തുന്നു. വസ്തുനികുതിയുടെ കാര്യത്തിൽ പിരിവ് 100% ആക്കാനുള്ള നിർദ്ദേശങ്ങളും ഇടപെടലുകളും മാത്രമാണ് ഉണ്ടായിട്ടുള്ളത്.

നികുതി പരിധിയിൽ നിന്നും കെട്ടിടങ്ങൾ ഒഴിഞ്ഞുപോകാനുള്ള സാഹചര്യം നിലനില്ക്കുന്നതിന് വിശദീകരണം നല്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 10/18-19ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## <u>വസ്തുനികുതി മറ്റ് അപാകതകൾ</u>

വസ്തുനികുതിയുമായി ബന്ധപെട്ട് ധനകാര്യസ്റ്റാംഗ് കമ്മിറ്റിയുടെ 21.07.2018 ലെ 4-7/18(3) നമ്പർ തീരുമാനമായി വസ്തുനികുതി ചുമത്തിയ ശേഷം പഞ്ചായത്തിൽ നിന്നും അനുമതി വാങ്ങാതെ പരിഷ്ക്കരണ പ്രവൃത്തികൾ നടത്തുകയും എന്നാൽ പഴയ നിരക്കിൽ വസ്തുനികുതി അടച്ചുവരുന്നതുമായ നിരവധി കെട്ടിടങ്ങൾ പഞ്ചായത്തിൽ ഉള്ളതായും ഇതുമൂലം വസ്തുനികുതിയിനത്തിൽ വൻനഷ്ടം പഞ്ചായത്തിന് ഉണ്ടാകുന്നതായി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചിട്ടുണ്ട്. മേൽ നിരീക്ഷണത്തിൻെറ അടിസ്ഥാനത്തിൽ അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ ഇരുപത് ദിവസത്തിനുള്ളിൽ സാങ്കേതിക വിഭാഗത്തെ അറിയിക്കുന്നതിനായി ക്ലാർക്കുമാർക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചതായി കാണുന്നു. ഇതിന് തുടർ നടപടികൾ കൈകൊണ്ടതായി കാണുന്നില്ല. 20.08.18ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 6-8/18(1) നമ്പർ തീരുമാനപ്രകാരം പഞ്ചായത്തിൽ നിന്നും അനുമതി വാങ്ങാതെ പരിഷ്ക്കരണ പ്രവൃത്തികൾ നടത്തിയ കെട്ടിടങ്ങളുടെ ലിസ്റ്റ് സമർപ്പിക്കാത്തതിനാൽ ബന്ധപെട്ട ക്ലാർക്കുമാരോട് രേഖാമൂലം വിശദീകരണം ആവശ്യപെടാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ രേഖാമൂലം വിശദീകരണം വാങ്ങിച്ചതായി കാണുന്നില്ല. 30.10.2018ലെ 4-10/18 നമ്പർ തീരുമാനത്തിൽ വിവിധ വാർഡ് ക്ലാർക്കുമാരിൽ നിന്നുമായി ലഭിച്ച റിപ്പോർട്ടിനടിസ്ഥാനത്തിൽ നികുതി ചുമത്തിയ ശേഷം ഘടനാപരമായ മാറ്റം വരുത്തിയ 17 കെട്ടിടങ്ങളിൽ നിന്നും പുതുക്കിയ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചതായി കാണുന്നു. ആയതിൻെറ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ ഒാഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 3/18-

19ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പഞ്ചായത്തിൻെറ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## 1-12.2 ഡി&ഒ ലൈസൻസ് - അപാകതകൾ

സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 2018-19 വർഷത്തിൽ സ്ഥാപന പരിധിയിൽ വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 2152 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2018-19ലെ നികുതി ഇളവ് രജിസ്റ്റർ പ്രകാരം 194 കെട്ടിടങ്ങൾക്ക് ഒഴിവായി കിടക്കുന്നതിനാൽ നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 1958 കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാധ്യത നിലനിൽക്കുന്നതായി കാണാം. നിർമ്മിതിയുടെ സ്വഭാവമനുസരിച്ച് ഈ കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് മിക്കവാറും സാധ്യത. എന്നാൽ ഓഡിറ്റ് വർഷത്തിൽ 468 പേർക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഇത്രയും ലൈസൻസിന് ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങൾ 554 എണ്ണമാണെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് 1404 കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാനുള്ള സാധ്യത നിലനിൽക്കുന്നതായി കാണാം. 1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്.

## മറ്റ് അപാകതകൾ

### 1.ആവശ്യമായ രേഖകൾ ഹാജരാക്കാതെ ലൈസൻസ് അനുവദിക്കുന്നു.

മലിനീകരണം ഉണ്ടാക്കുവാൻ സാദ്ധ്യതയുള്ള എല്ലാ വ്യവസായങ്ങൾക്കും/സ്ഥാപനങ്ങൾക്കും മലിനീകരണ നിയന്ത്രണ ബോർഡോ അല്ലെങ്കിൽ സർക്കാരിന്റെ വ്യവസായ വകുപ്പോ മലിനീകരണം ഉണ്ടാകുന്നതല്ലെന്ന് നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് അനുമതി നൽകാവുന്നതാണ്. കേ.പ.രാ ആക്ട് സെക്ഷൻ 233 ബി (എച്ച്) പ്രകാരം മലിനീകരണമുണ്ടാക്കാത്ത ഒരു വ്യവസായമായി സർക്കാരിന്റെ വ്യവസായ വകുപ്പോ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും 5 എച്ച് പി യിൽ കുറവ് ശേഷിയുള്ളതുമായ യന്ത്രങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് സെക്രട്ടറിക്ക് അനുവാദം നൽകാവുന്നതാണ്.എന്നാൽ ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് / വ്യവസായ വകുപ്പ് എന്നിവയിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

| ക്രമ നം | ലൈസൻസ് അപേക്ഷ നം | അപേക്ഷകന്റെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | 218 | ശ്രീ.പ്രവീഷ് s/o ചാത്തു | ഫർണ്ണിച്ചർ നിർമ്മാണം.10 HP മോട്ടോർ |
| | | | |

| | | | |
|---|---|---|---|
| 2 | 271 | ശ്രീ. ജവഹർ വി.കെ നദീറ മൻസിൽ | വി.കെ വുഡ് ഇൻഡസ്ട്രീസ് . 15 HP മോട്ടോർ ഫർണ്ണിച്ചർ നിർമ്മാണം. |
| 3 | 281 | ശ്രീ.അർജ്ജുൻ പി അരിപ്പിനാം പുതിയോട്ടിൽ | വെൽഡിംഗ് വർക്സ് 9 HP മോട്ടോർ |

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

**2)അപേക്ഷകൾ അപൂർണ്ണം**

ഡി&ഒ ലൈസൻസ് അപേക്ഷകളിൽ അപേക്ഷയിലെ മുഴുവൻ വിവരങ്ങളും അപേക്ഷകൻ രേഖപ്പെടുത്തുന്നില്ല. ഉദാ: അപേക്ഷ നം-112/18-19 ശ്രീ.നാണു എൻ.എം നരിക്കോത്ത് മീത്തൽ ആയഞ്ചേരി. ലൈസൻസ് ഫയൽ കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ മിക്ക അപേക്ഷകളിലും ആവശ്യമായ അന്വേഷണ റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല. ചില ലൈസൻസ് അപേക്ഷകളിൽ സ്ഥാപനം പ്രവർത്തിക്കുന്ന ബിൽഡിംഗ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ഉദാ: അപേക്ഷ നം-98/18-19 ശ്രീ. രാധാകൃഷ്ണൻ.കെ.കെ, അപേക്ഷ നം-100/18-19 ശ്രീ.കെ.കെ രാജീവൻ, കരുവാം കണ്ടിയിൽ, ശ്രീനന്ദ ഓട്ടോ ഗ്യാരേജ്. ഇത്തരം സംഗതികളിൽ അപേക്ഷകന് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസ് അപേക്ഷകളിൽ ആവശ്യമായ ഫീൽഡ് അന്വേഷണം നടത്തിയതിന് ശേഷം ലൈസൻസ് അനുവദിക്കേണ്ടതാണ്.

**3)ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.**

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരശേഖരണം നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നത് നിയമാനുസൃതമായാണോ എന്ന് മനസ്സിലാക്കുന്നതിന് ഇത് കാരണം സാധിക്കുന്നില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് , കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 2152 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

**1-12.3തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല**

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ

പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205 ബി, ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ,തൊഴിലാളികൾ,വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.(ക്രമ നമ്പർ ഒന്നുപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നല്കേണ്ട നോട്ടീസിന്റേയോ ഉടമസ്ഥൻ വിവരം ലഭ്യമാക്കേണ്ട ഫോറത്തിന്റേയോ മാതൃക/ഫോറം തൊഴിൽ നികുതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.എങ്കിലും നിയമപ്രകാരവും ചട്ടപ്രകാരവുമുള്ള വരുമാനമാർഗ്ഗം ഉപയോഗപ്പെടുത്താൻ സ്ഥാപനം ഫോറങ്ങൾ നിശ്ചയിച്ച് ഉപയോഗപ്പെടുത്തുകയോ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുകയോ ചെയ്യേണ്ടതായിരുന്നു.) ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനില്ക്കുന്നു.

**എ)** സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 2152 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. ഇതിൽ 194 കെട്ടിടങ്ങൾക്ക് 2018-19 വർഷത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 1958 കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കപ്പെടുത്തുന്നുണ്ടെന്ന് കാണാം. എന്നാൽ ട്രഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 340 ഡിമാന്റുകളിൽ നിന്നുമാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. ഓഡിറ്റ് വർഷത്തിൽ ആകെ 468 ഡി & ഒ ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങൾ 554 കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് അവശേഷിക്കുന്ന 1404 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

**ബി)** ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. വേക്കൻസി റമിഷൻ കഴിഞ്ഞ് 1958 കെട്ടിടങ്ങൾ ഉണ്ടെന്നുള്ളതിനാൽ പരാമവധി അത്രയും ഡിമാന്റുകൾ കൂടി തൊഴിൽ നികുതിയുടെ കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

**സി)** വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അതായത് ലൈസൻസ് അനുവദിക്കപ്പെട്ട 468

സ്ഥാപനങ്ങളിൽ നിന്നും അവയുടെ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

**ഡി)** ടെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. ഡി&ഒ ലൈസൻസ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാക്കണമെന്നും അതുവഴി തൊഴിൽ നികുതി വരുമാനം കൂടി വർദ്ധിപ്പിക്കാമെന്നും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ചചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിശദമായ അജണ്ട ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്തിട്ടില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നുണ്ട്.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1) വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

2) എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നല്കേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്. മേൽ നടപടിക്രമങ്ങൾക്ക് നിശ്ചിത ഫോറങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിലില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും, അതുവരെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ഫോറം ഒന്നും, രണ്ടും ആവശ്യമായ മാറ്റങ്ങളോടെ സ്വീകരിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.

3) തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4) ടെയിഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

5) മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കി ഇത് സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കിയും, ഇതുമൂലമുണ്ടായ വരുമാന വർദ്ധനവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയും പരാമർശം ഒഴിവാക്കേണ്ടതാണ്.

# 1-13 ചെലവ് -പൊതുഅപാകതകൾ

**1-13.1-പൊതു മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണം നടക്കാത്തതിനാൽ ഫണ്ട് നഷ്ടപ്പെട്ടു.**

നിർവ്വഹണം ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

സ്ഥാപനത്തിന്റെ അധികാരപരിധിയിൽപ്പെടുന്ന വിവിധ മേഖലകളിലെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഓഡിറ്റ് വർഷത്തിൽ ആകെ 66 പുതിയ പ്രൊജക്ടുകൾ പൊതുമരാമത്ത് മേഖലയിൽ അസി.എഞ്ചിനീയർ അംഗീകാരം വാങ്ങിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ കൂടി പരിഗണിക്കുമ്പോൾ ആകെ പ്രൊജക്ടുകളുടെ എണ്ണം 150 ആണ്. തൻ വർഷം രൂപീകരിച്ച പുതിയ പ്രോജക്ടുകളിൽ ഒന്നിൽ പോലും തുക ചെലവഴിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. സ്പിൽ ഓവറായി അംഗീകാരം ലഭിച്ച 84 പദ്ധതികളിൽ 37 എണ്ണത്തിൽ മാത്രമാണ് ചെലവുള്ളത്. മേൽ പ്രോജക്ടുകൾ നിർവ്വഹിക്കുന്നതിനായി വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയ 3.37 കോടി രൂപയിൽ 67ലക്ഷം രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കാനായത്. വകയിരുത്തിയതിൽ വിനിയോഗിക്കാൻ കഴിയാതെ വന്ന 2.70 കോടി രൂപയിൽ വികസനഫണ്ട് (17.34 ലക്ഷം), എസ്.സി.പി ഫണ്ട് (1 ലക്ഷം)ധനകാര്യ കമ്മീഷൻ ഗ്രാന്റ് (15.68 ലക്ഷം) മെയിന്റനൻസ് ഗ്രാന്റ് റോഡിതരം (8.9 ലക്ഷം) മെയിന്റനൻസ് ഗ്രാന്റ് റോഡ് (1.11കോടി) എന്നീ ഇനങ്ങളിലായി സ്ഥാപനത്തിന് വൻ തുക നഷ്ടപ്പെട്ടിരിക്കുകയാണ്. 2.70 കോടി രൂപയുടെ നഷ്ടം കണക്കാക്കിയത് തൻവർഷ അലോട്ട് മെന്റിനൊപ്പം സ്പിൽ ഓവർ ബാധ്യത നിറവേറ്റുന്നതിന് ആവശ്യാനുസരണം സർക്കാർ അനുവദിക്കുന്ന തുക കൂടി പരിഗണിച്ചാണ്. ഓഡിറ്റ് വർഷത്തെ ബജറ്റ് അലോട്ട്മെന്റ് പ്രകാരം ലഭ്യമായ സർക്കാർ ഗ്രാന്റിൽ നിന്നുമാത്രം ചെലവഴിക്കാതെ 91 ലക്ഷം രൂപ നഷ്ടപ്പെടുത്തിയതിൽ പ്രധാനപങ്ക് വഹിച്ചത് മരാമത്ത് മേഖലയിലെ നിർവ്വഹണവീഴ്ചയാണ് .

പ്രൊജക്ടുകളുടെ അംഗീകാരം മുതൽ സാമ്പത്തിക വർഷാവസാനം വരെയുള്ള നിർവ്വഹണ പ്രക്രിയ പരിശോധിച്ചതിൽ വാർഷിക പദ്ധതിയ്ക്ക് ഡിപിസി അംഗീകാരം ലഭിച്ച പുതിയ 66 പൊതുമരാമത്ത് പ്രവൃത്തികളിൽ 50 പ്രവൃത്തികളിലും സാങ്കേതികാനുമതി 2018 ജൂലൈ മാസത്തിനകം ലഭിച്ചിട്ടും പദ്ധതികൾ കരാറുകാരെ/നിർവ്വഹണ ഏജൻസിയെ ഏല്പിക്കുന്നതിൽ ഉണ്ടായ കാലതാമസമാണ് പുതിയ പദ്ധതികൾ ഒന്നും തന്നെ നിർവ്വഹിക്കാൻ കഴിയാതെ വന്നത്. എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 66 പുതിയ പദ്ധതികളിൽ 42 എണ്ണത്തിന് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ കരാർ വച്ചത്. ആയത് തന്നെ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലായാണ് (ഫെബ്രുവരി 2019 ൽ 12 എണ്ണത്തിലും മാർച്ച് 19 ൽ 30എണ്ണത്തിലും).

തൻവർഷത്തെ ഭൂരിഭാഗം പൊതുമരാമത്ത് പ്രവൃത്തികളും സ്പിൽ ഓവർ പദ്ധതികളാണെന്നിരിക്കെ ആയവയുടെ നിർവ്വഹണം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്താമെന്നിരിക്കെയാണ് 47 സ്പിൽ ഓവർ പദ്ധതികളിൽ തുകയൊന്നും തന്നെ ചെലവഴിക്കാൻ കഴിയാതെവന്നത്. പരിമിതമായ ജീവനക്കാർ മാത്രം ലഭ്യമായിരിക്കെ നിർവ്വഹിക്കാൻ കഴിയുന്നതിനപ്പുറം പ്രൊജക്ടുകൾ തയ്യാറാക്കിയത് മേൽ

സ്ഥിതിവിശേഷത്തിന് കാരണമായി. ചെറിയ ചെയിനേജിലും അടങ്കലിലുമുള്ള പൊതുമരാമത്ത് പദ്ധതികൾ രൂപീകരിക്കുന്നത് വഴി ക്ഷമതയും, സാങ്കേതിക ഗുണവുമുള്ള കരാറുകാരുടെ ടെണ്ടർ പങ്കാളിത്തം കുറയുന്നതിനും ആത്യന്തികമായി ഇത് പദ്ധതികളുടെ ഗുണമേന്മയേയും പൂർത്തീകരണത്തെയും ബാധിക്കുന്നതിനിടയാക്കുന്നു.

പ്രൊജക്ടുകളുടെ ആസൂത്രണത്തിനും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉത്തരവാദപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരുന്നുണ്ടെങ്കിലും നടപടിക്രമങ്ങളുടെ പുരോഗതി വിലയിരുത്തി സാമ്പത്തീകവർഷത്തിനുള്ളിൽ നിർവ്വഹണം സാധ്യമാകുംവിധം ഇടപെടലുകൾ നടത്താനായിട്ടില്ല. നിർവ്വഹണം വേഗത്തിലാക്കാനും സമയപരിധി നിർദ്ദേശിക്കുന്നതിനും കമ്മിറ്റി ശ്രമിച്ചിട്ടില്ല നിർവ്വഹണത്തിന് തടസ്സങ്ങളുണ്ടെങ്കിൽ കാരണങ്ങൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുവാനും ശ്രമം നടന്നിട്ടില്ല.ഡി പി സി അംഗീകാരം മുതൽ പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേല്പറഞ്ഞതരത്തിലുള്ള കാലവിളംബവും അതുവഴിയുള്ള ധനനഷ്ടവും ഒഴിവാക്കാമായിരുന്നു.

നിർവ്വഹണത്തിലെ വീഴ്ച മൂലം സ്ഥാപനത്തിനുണ്ടായ ധനനഷ്ടത്തിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ അപാകത ഭാവിയിൽ ഒഴിവാക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതാണ്.

1) സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന പ്രൊജക്ടുകൾ പ്രാധാന്യമനുസരിച്ച് നിർവ്വഹണതിന് മുൻതൂക്കം കൊടുക്കേണ്ടതും അവ എല്ലാ തരത്തിലും പൂർണ്ണമായിരിക്കേണ്ടതുമാണ്. പരിമിതമായ ഫണ്ട് വകയിരുത്തി അപൂർണ്ണമായി പ്രൊജക്ടുകൾ തയ്യാറാക്കുന്നത്, ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് തടസ്സമാകുന്നതിനൊപ്പം പ്രൊജക്ടുകളുടെ എണ്ണം കൂടുന്നതിനും ആത്യന്തികമായി ധനനഷ്ടത്തിനും ഇടയാക്കും

2) സ്ഥാപനത്തിൽ ലഭ്യമായ ധനപരവും മാനുഷികവുമായ വിഭവങ്ങൾക്ക് അനുസൃതമായി പ്രൊജക്ടുകളുടെ എണ്ണം നിയന്ത്രിക്കേണ്ടതാണ്.

3) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, നിയമങ്ങളും ചട്ടങ്ങളും തങ്ങളിലേല്പിച്ച ചുമതലകൾ തിരിച്ചറിഞ്ഞ് ഇടപെടലുകൾ നടത്തേണ്ടതും, ആസൂത്രണം മുതൽ പദ്ധതി നിർവ്വഹണം വരെയുള്ള സമയബന്ധിതമായ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച ക്രമീകരണങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-13.2-കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച സ്പിൽ ഓവർ പ്രവൃത്തികളിൽ താഴെ പറയുന്നവയിൽ എസ്റ്റിമേറ്റിൽ അടിസ്ഥാന നിരക്കിനൊപ്പം 1.4.17 മുതൽ പ്രാബല്യത്തിലുള്ള 42.16% നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയത്. എന്നാൽ 1.10.2017 പ്രാബല്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 38.24 % ആയി കുറഞ്ഞിരുന്നു.പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികളെല്ലാം ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 2.75 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നം- 170

പുളിയകോട്ട്മുക്ക് പുറത്തുട്ടയിൽ മുക്ക് നടപ്പാത.

| | |
|---|---|
| ആകെ ചെലവ് | 98695 |
| 10% O.H കുറക്കുക | (-)98695x100/110=89722.72 |
| 10% C.P കുറക്കുക | (-)89722.72x100/110=81566.10 |
| 42.16% cost index കുറക്കുക | (-)81566.10x100/142.16=57376.27 |
| അടിസ്ഥാന മൂല്ല്യം | 57376.27 |
| (+)38.24% cost index കൂട്ടുക | (+)57376.27x138.24%=79316.95 |
| (+)10% C.P.കൂട്ടുക | (+)79316.95x110%=87248.64 |
| (+) 10% O.H.കൂട്ടുക | (+)87248.64x110%=95973.50 |
| കരാറുകാരന് അർഹതപ്പെട്ട തുക | 95973.50 |
| അധികം നൽകിയത് | 98695-95973.50= 2722 |
| അധികം നൽകിയ ശതമാനം | 2722x100/98695=2.75 |

ഇപ്രകാരം പ്രവൃത്തികൾക്ക് അധികം നൽകിയതിന്റെ വിശദാംശങ്ങൾ താഴെ പട്ടികയിൽ കാണിക്കുന്നു

| ക്രമ നം | പ്രവൃത്തി | കരാർ തീയതി | ആകെ ചെലവ് | അവസാന ബിൽ തുക,ബിൽ നം തീയതി | 2.75% നിരക്കിൽ അധിക ച്ചെലവ് |
|---|---|---|---|---|---|
| 1 | പ്രോജക്ട് നം -170<br>പുളിയകോട്ട്മുക്ക് പുറത്തുട്ടയിൽ മുക്ക് നടപ്പാത | 23-03-18 | 98695 | 98695.<br>10/3-1-19 | 2722 |
| 2 | പ്രോജക്ട് നം -147<br>തറമ്മൽമുക്ക് തറമ്മൽതാഴെ റോഡ് ടാറിംഗ് | 7-03-18 | 185084 | 185084.<br>12/22-3-19 | 5090 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 3 | പ്രോജക്ട് നം -174 പുറ്റംപൊയിൽമുക്ക് കുരാണിമുക്ക് റോഡ് ടാറിംഗ് | 7-02-18 | 272191 | 150000. 21/28-3-19 | 7485 |
| 4 | പ്രോജക്ട് നം -156 വിലാരൻകണ്ടിമുക്ക് നിടിയപറമ്പത്ത് പാലേരിത്താഴ മാത്തോട്ടത്തിൽ റോഡ് | 23-03-18 | 275000 | 275000. 22/28-3-19 | 7563 |
| 5 | പ്രോജക്ട് നം -141 ആർ.എ.സി.ഹൈസ്കൂൾ നാലുസെന്റ് കോളനി റോഡ് ടാറിംഗ് | 7-03-18 | 176234 | 176234. 26/28-3-19 | 4846 |
| | ആകെ | | | | 27706/- |

മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതും അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-13.3-റോഡ് പ്രവൃത്തികൾ മോർഡ് സ്പെസിഫിക്കേഷനിൽ - ഓവർഹെഡ്സ്ചാർജ്ജ് നല്കുന്നത് അനർഹമായ നിരക്കിൽ**

സ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റയെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക്) ആമുഖത്തിൽ ഖണ്ഡിക 4 ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച് കൊണ്ടാണെന്ന് ഖണ്ഡിക 4ൽ പരാമർശിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്
6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം. 17-ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്റ്റുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത.എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്റ്റ് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേനതന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 7.5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്. ഓഡിറ്റ് വർഷം മരാമത്ത് മേഖലയിൽ 1.74 കോടി രൂപ വിനിയോഗിച്ച സ്ഥാപനത്തിൽ ഭൂരിഭാഗം തുകയും വിനിയോഗിച്ചിരിക്കുന്നത് റോഡ് പ്രവൃത്തികൾക്കാണെന്നതും ഇവയെല്ലാം മോർഡ് സ്പെസിഫിക്കേഷനിലാണെന്നതും പരിഗണിക്കുമ്പോൾ ഓവർ ഹെഡ്സ് ചാർജ്ജിനത്തിൽ സ്ഥാപനത്തിനുണ്ടായിട്ടുള്ള അധിക ചെലവിന്റെ വ്യാപ്തി വ്യക്തമാകുന്നതാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തു ഫണ്ടിന്റെ ദുർവിനിയോഗമാണ്. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-13.4-പൊതുമരാമത്ത് പദ്ധതി നടത്തിപ്പിലെ മറ്റ് അപാകതകൾ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പൊതുമരാമത്ത് പദ്ധതി കളുടെ ഫയൽ സൂക്ഷിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിലെ രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
2. ബന്ധപ്പെട്ട പ്രോജക്ട്, പ്രവൃത്തി സംബന്ധിച്ച എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ, കരാറുകാരന് സൈറ്റ് ഹാൻഡ്ഓവർ ചെയ്തത് സംബന്ധിച്ച വിവരങ്ങൾ എന്നിവ ഫയലിൽ സൂക്ഷിക്കുന്നില്ല. കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് അയച്ചതിന്റെയും ആയത് കരാറുകരാരൻ കൈപ്പറ്റിയതായുമുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.
3. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടില്ല.
4. ഓഡിറ്റ് വർഷം നാളോം കോറോൽ ടി.സി മുക്ക് റോഡ് എന്ന പേരിൽ വ്യത്യസ്ഥ ചെയിനേജിലായി മൂന്ന് പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങുകയും അതിൽ രണ്ടെണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഒരുറോഡിലെ മുഴുവൻ പ്രവൃത്തികൾക്കായും പദ്ധതി തയ്യാറാക്കാതെ ഭാഗിക പ്രോജക്ടുകൾ തയ്യാറാക്കിയാണ് അംഗീകാരം വാങ്ങിയിരിക്കുന്നത്.
5. പാർട്ട് ബിൽ ആയി തുക നൽകിയ പൊതുമരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും റിടെൻഷൻ തുക ഈടാക്കിയില്ല.

പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാരുമായി ഏർപ്പെട്ട കരാറിൽ കരാറുകാരന്റെ പാർട്ട് ബല്ലിൽ നിന്നും 10% വരുന്ന തുക ജാമ്യനിക്ഷേപത്തിനു വേണ്ടി പിടിക്കുന്നതാണ് എന്ന് കരാർ വ്യവസ്ഥ 12 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം പാർട്ട് ബിൽ ആയി തുക നൽകിയ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ജാമ്യനിക്ഷേപമായി കരാറിൽ നിഷ്കർഷിച്ച തുക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എം.ബുക്ക് നം | പാർട്ടിബിൽ തുക | റിട്ടൻഷൻ ഇനത്തിൽ ഈടാക്കേണ്ടതുക |
|---|---|---|---|
| കളത്തിൽ മുക്ക് മുറിച്ചിലാട്ട് താഴെ റോഡ് ടാറിംഗ്.<br>പ്രോജക്ട് നം-181 | എം.ബി-190/18-19 | 209726<br>ബിൽ നം-23/28-3-19-125000 (ധനകാര്യ കമ്മീഷൻഗ്രാന്റ് )<br>ബിൽ നം-24/28-3-19<br>84726 (മെയിന്റനെൻസ്ഗ്രാന്റ് റോഡ്) | 20972 |
| തെക്കേ ഒതയോത്ത് മാരാംവീട്ടിൽ താഴെ | എം.ബി-313/18-19 | 192477 | 19247 |

| | | | |
|---|---|---|---|
| റോഡ്. പ്രോജക്ട്നം-142 | | ബിൽ നം-25/28-3-19 | |
| ആർ.എ.സി ഹൈസ്കൂൾ നാലുസെന്റ് കോളനി റോഡ് പ്രോജക്ട് നം-141 | എം.ബി-312/18-19 | 176234 ബിൽ നം-26/28-3-19 | 17623 |
| കടമേരി തെരുവ് തുമ്പിയോത്തുതാഴെ റോഡ് പ്രോജക്ട് നം-160 | എം.ബി-304/18-19 | 182999 ബിൽ നം -18/28-3-19 | 18299 |

മേൽ പ്രവൃത്തികളിൽ നിന്നും ജാമ്യതുക ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതും പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതുമാണ്.

<u>1-13.5-മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭിച്ചില്ല</u>

പ്രോജക്ട് നം – 8/18-19

അടങ്കൽ – 199999/-

ചെലവ് – 199999/-(ബിൽ നം-3/10-12-18)

മൃഗാശുപത്രിക്ക് ആവശ്യമായ മരുന്ന ലഭ്യമാക്കുന്നതിന് വേണ്ടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. ഇതിനായി DYNA VET എന്ന സ്ഥാപനത്തിന് 16-11-18ലെ ബിൽ നം-16801 പ്രകാരം 199999/- രൂപ വിവിധ തരം വെറ്റിനറിമരുന്നുകളുടെ വിലയായി നൽകിയിട്ടുണ്ട്. മേൽ ബിൽപ്രകാരം അവസാന എെറ്റമായി RUMICHARGE എന്ന മരുന്നിന് 40 എണ്ണത്തിന് 96 രൂപ നിരക്കിൽ 3840/- രൂപ നൽകിയിട്ടുണ്ട്. മരുന്നുകൾ സ്റ്റോക്കിലെടുത്തത് പരിശോധിച്ചതിൽ (സ്റ്റോക്ക് രജിസ്റ്റർ, പേജ് നം-54 പ്രകാരം) പ്രസ്തുത മരുന്ന് 10 എണ്ണം മാത്രമേ സ്റ്റോക്കിലെടുത്തതായും വിതരണം ചെയ്തതായും കാണുന്നുള്ളൂ. അവശേഷിക്കുന്ന 30 എണ്ണം കൂടി ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 2880 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>1-13.6-വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥർ ഓഡിറ്റ് വർഷത്തിൽ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി സാധനങ്ങൾ വാങ്ങിയത് 8.11.2010 ലെ പി.259/2010/ ത.സ്വ.ഭ.വ നമ്പർ പ്രകാരം പുറപ്പെടുവിച്ച പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചല്ല. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും നിർവ്വഹിക്കാൻ പോകുന്ന പ്രൊജക്ടുകൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും എന്തൊക്കെയാണെന്നുള്ളതിന്റെ ലിസ്റ്റ് പ്രൊക്വർമെന്റ് കമ്മിറ്റിയെ ഏല്പിക്കണമെന്നും, കമ്മിറ്റി എല്ലാ നിർവ്വഹണഉദ്യോഗസ്ഥർക്കും ആവശ്യമായ സാധനങ്ങളും സേവനങ്ങളും മൊത്തത്തിൽ കണ്ടെത്തി ഒരേ ഇനം സാധനങ്ങൾ ഒരുമിച്ച് വാങ്ങുന്നതിനുള്ള നടപടി ക്രമം തെരെഞ്ഞെടുക്കുകയും ഇപ്രകാരം വാങ്ങുന്നതിന് പ്രൊക്വർമെന്റ് ടീമിനെ ചുമതലപ്പെടുത്തണമെന്നും മേൽ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു.

പ്രൊക്വർമെന്റ് ടീം ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് സാധന / സേവന ദാതാക്കളെ തെരെഞ്ഞെടുക്കുകയും, ഇവരുമായി കരാറിലേർപ്പെടുകയും ചെയ്ത് ഇവരിൽ നിന്നും സാധനങ്ങൾ / സേവനങ്ങൾ വാങ്ങാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്യുന്നു. ഇതനുസരിച്ച് സാധനങ്ങൾ/ സേവനങ്ങൾ വാങ്ങുന്ന ഉദ്യോഗസ്ഥർ അവ കൈപ്പറ്റി തുക നല്കുന്നു. തൻവർഷം പ്രൊജക്ടുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് അതാത് നിർവ്വഹണഉദ്യോഗസ്ഥർ പ്രത്യേകം ടെണ്ടർ / ക്വട്ടേഷൻ/ നേരിട്ടുള്ള വാങ്ങൽ നടപടികൾ സ്വീകരിച്ച് സാധനങ്ങൾ വാങ്ങുന്ന മുൻകാല രീതി തന്നെ അവലംബിക്കുകയായിരുന്നു .

ഓഡിറ്റിന് ഹാജരാക്കിയ പ്രൊക്വയർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ തൻവർഷം പ്രൊക്വയർമെന്റ് കമ്മിറ്റി 16-8-18,14-11-18 തീയ്യതികളിൽ യോഗം ചേർന്നതല്ലാതെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ വാങ്ങൽ സംബന്ധിച്ച തീരുമാനങ്ങളൊന്നും എടുത്തതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. കൃഷി ഓഫീസർ നടപ്പിലാക്കിയ നടീൽ വസ്തുക്കളുടെ വാങ്ങൽ, വെറ്റിനറി സർജന്റെ മരുന്ന് വാങ്ങൽ,ഉപകരണങ്ങൾ വാങ്ങൽ, ആട്, കോഴി എന്നിവയുടെ വാങ്ങലുകൾ, ഐ.സി.ഡി.എസ് സൂപ്പർ വൈസറുടെ വൃദ്ധർക്ക് കട്ടിൽ വാങ്ങൽ,സെക്രട്ടറിയുടെ ഓഫീസ് ഉപകരണങ്ങൾ വാങ്ങൽ ,മെഡിക്കൽ ഓഫീസറുടെ ഉപകരണങ്ങൾ വാങ്ങൽ എന്നിവ സംബന്ധിച്ചോ പ്രൊക്വയർമെന്റ് കമ്മിറ്റി അംഗീകാരം തേടിയതായി കാണുന്നില്ല. മേൽ വാങ്ങൽ നടപടികളിൽ വാങ്ങലുകൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയുടെ ഓഡിറ്റിന് വിധേയമാക്കണമെന്ന പ്രസക്തമായ നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. പ്രൊക്വയർമെന്റ് മാന്വലിന് വിരുദ്ധമായി സാധനങ്ങൾ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്.

<u>1-13.7-കാർഷികമേഖലയിലെ പദ്ധതി നിർവ്വഹണം- അപാകതകൾ</u>

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ നിർവ്വഹണം പരിശോധിച്ചതിൽ താഴെ പറയുന്നഅപാകതകൾ കാണുന്നു.

<u>1-ഇടവിളകൃഷി വ്യാപനം- പ്രോജക്ടിന് വിപരീതമായി പദ്ധതി നടപ്പാക്കി.</u>

അടങ്കൽ -300000/-

ചെലവ് -300000/-(ബിൽ നം-4/11-2-19)

പ്രോജക്ട് നം 20/18-19 പ്രകാരം 1000 രൂപയുടെ 300 ഇടവിളകിറ്റുകൾ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി കർഷകർക്ക് ലഭ്യമാക്കി ഇടവിള കൃഷി വ്യാപിക്കുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ VFPCK യിൽ നിന്നും ഇൻ വോയ്സ് നം-54/24-1-2019 പ്രകാരം 278.66 രൂപ വിലയുള്ള 1077 ഇടവിളകിറ്റുകൾ വാങ്ങുകയും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ പേർക്കുമായി വിതരണം ചെയ്തതായും അറിയിച്ചിട്ടുണ്ട്.

താഴെ പറയുംപ്രകാരം വിതരണ വിവരങ്ങൾ മാത്രമേ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളൂ

| വാർഡ് നം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 4 | 77 |
| 5 | 76 |
| | |

| | |
|---|---|
| 8 | 148 |
| 10 | 58 |
| 11 | 51 |
| 12 | 61 |
| 16 | 52 |
| 17 | 45 |
| ആകെ | 621 |

പദ്ധതി നിർവ്വഹണം സംബന്ധിച്ച് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതിപ്രകാരം 1000 രൂപയുടെ 300 ഇടവിളകിറ്റുകൾ 200 പേർക്കാണ് വിതരണം ചെയ്യേണ്ടതെന്നിരിക്കെ 278.66 രൂപയുടെ 1077 നടീൽ വസ്തു കിറ്റുകൾ വാങ്ങി വിതരണം നടത്തിയത് അംഗീകൃത പ്രോജക്ടിൽ നിന്നുള്ള വ്യതിയാനമാണ്. നിർവ്വഹണ ഘട്ടത്തിൽ പദ്ധതി റിവൈസ് ചെയ്ത് നടപ്പാക്കാനായി ബന്ധപ്പെട്ട കൃഷി വർക്കിംഗ് ഗ്രൂപ്പോ, വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയോ ഭരണസമിതിയോട് ശുപാർശ ചെയ്തിട്ടില്ല. കൂടാതെ VFPCK യുടെ ബില്ലിൽ നിന്നും, സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലിൽ നിന്നും ഏതൊക്കെ ഇനം ഇടവിള കൃഷി വിത്തുകൾ എത്ര അളവിലാണ് ഓരോകിറ്റിലും ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമല്ല. പദ്ധതി മാർഗ്ഗരേഖ

സ.ഉ(കൈ)നം.22/2018/തസ്വഭവ തീയ്യതി 14.02.18 ഖണ്ഡിക 6.1.4 പ്രകാരം 100% സബ്സിഡി നൽകാവുന്ന നടീൽ വസ്തുക്കളുടെ വിതരണത്തിനായി തയ്യാറാക്കുന്ന പ്രോജക്ടുകളിൽ സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുക്കവും തീരുമാനിക്കേണ്ടത്. എന്നാൽ മേൽ പദ്ധതി നിർവ്വഹണം 100% നിരക്കിൽ നടീൽ വസ്തുക്കൾ യാതൊരു മാനദണ്ഡവുമില്ലാതെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് മുഴുവൻ പേർക്കും നൽകൽ മാത്രമായി മാറി. സമാന രീതിയിലാണ് തൻവർഷം കർഷകർക്ക് നേന്ത്രവാഴകന്നുകളും, കദളിവാഴകന്നുകളും വാങ്ങി വിതരണം നടത്തിയിരിക്കുന്നതും. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും 456 ഇടവിളകിറ്റുകളുടെ വിതരണ വിവരം മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

വർഷാവർഷങ്ങളിൽ വൻതുക ചെലവഴിച്ച് നടീൽ വസ്തുക്കൾ വിതരണം നടത്തുന്നതല്ലാതെ പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണം വഴി പഞ്ചായത്തിലുണ്ടായ വിളവിസ്തൃതിയും ഉല്പാദനവർദ്ധനവും വിലയിരുത്തേണ്ടതാണ്. മേൽ പദ്ധതികൾ ഫലപ്രാപ്തിയിൽ എത്തിയിരുന്നെങ്കിൽ കർഷകർക്ക് അവരുൽപ്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾ തന്നെ തുടർ വർഷങ്ങളിൽ കൃഷിക്ക് ഉപയോഗിക്കാൻ കഴിയുമായിരുന്നു. ആയത് പരിശോധിക്കേണ്ടതും നടീൽ വസ്തുക്കൾ പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിക്കാൻ കഴിയുന്ന തരത്തിലേക്ക് പദ്ധതി നിർവ്വഹണം മാറ്റുന്നത് വഴി ഇത്തരം പദ്ധതികൾക്കായി വകയിരുത്തുന്ന തുക മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാണ് .

<u>2-തെങ്ങിൻതൈ വിതരണം - പ്രോജക്ട് ലക്ഷ്യം കണ്ടില്ല.</u>

പ്രോജക്ട് നം-23/18-19

അടങ്കൽ -666675( വികസനഫണ്ട്-300300, തനത് ഫണ്ട്- 199700, ഗുണ-വിഹിതം-166675)

ചെലവ് -410850 ( വികസനഫണ്ട്-299982 (ബിൽനം-5/28-3-19), 110868-തനത് ഫണ്ട് ).

പ്രോജക്ട് ലക്ഷ്യമിട്ടത് അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകളുടെ വിതരണം വഴി ഉല്പാദനം വർദ്ധിപ്പിക്കലാണ് എന്നാൽ 75 രൂപ വിലയുള്ള 5478 വെസ്റ്റ്കോസ്റ്റ് ടോൾ ഇനം നാടൻ തെങ്ങിൻ തൈകളാണ് പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കർഷകർക്കായി വിതരണം നടത്തിയിരിക്കുന്നത്. ആയതിനാൽ പ്രോജക്ട് ലക്ഷ്യമിട്ട അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകളുടെ വിതരണത്തിലൂടെയുള്ള ഉല്പാദനവർദ്ധനവ് കൈവരിക്കാൻ കഴിയാതെ വരുന്നു. പദ്ധതിനിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇതിൽ നിന്നും മെച്ചപ്പെട്ട തെങ്ങിൻ തൈകളുടെ ലഭ്യത കണക്കാക്കിയല്ല പദ്ധതി രൂപീകരിച്ചതെന്ന് വ്യക്തമാവുന്നു. തുടർ വർഷങ്ങളിൽ ഇത്തരം പ്രോജക്ടുകളുടെ രൂപീകരണം നടീൽവസ്തുക്കളുടെ തരം,എണ്ണം, ലഭ്യത എന്നിവ കൃത്യമായി കണക്കാക്കിയതിന്റെ അടിസ്ഥാനത്തിലായാൽ മാത്രമേ പദ്ധതി ലക്ഷ്യം കൈവരിക്കപ്പെടുകയുള്ളൂ.

## 1-13.8-വിവിധ വൈദ്യുതീകരണ പ്രവർത്തികൾക്ക് തുക അടവാക്കി- വിനിയോഗവിവരം ലഭ്യമായില്ല.

സാമ്പത്തി കവർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വിവിധ ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്ക് P.W.D ഇലക്ട്രിക്കൽ ഡിവിഷൻ കോഴിക്കോടിന് തുക അടവാക്കിയിട്ടുണ്ട്. എന്നാൽ അടവാക്കിയ തുകയുടെ വിനിയോഗവിവരം, സ.ഉ.ന. 11/18/തസ്വഭവ തി 29.1.18 ഖണ്ഡിക 11.2.ഡി പ്രകാരം തുക മുൻകൂർ അനുവദിക്കുന്നതിന് മുമ്പ് ഏർപ്പെടേണ്ട കരാറുടമ്പടി എന്നിവ പരിശോധനക്ക് ലഭ്യമായില്ല. അടവാക്കിയ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | അടവാക്കിയ തുക | അടവാക്കിയ ഏജൻസി | ബിൽ നമ്പർ/ തിയ്യതി |
|---|---|---|---|
| 103/19 അംഗൻവാടി വൈദ്യുതീകരണം | 787500 | എക്സിക്യൂട്ടീവ് ഓഫീസർ P.W.D.ഇലക്ട്രിക്കൽ വിഭാഗം കോഴിക്കോട് | ബിൽ നമ്പർ 23/1.3.19 687500 ബിൽ നമ്പർ 24/1.3.19 100000 |
| 267/19. ഫാമിലി ഹെൽത്ത് സെന്റർ റീ വയറിംഗ് | 292500 | എക്സിക്യൂട്ടീവ് ഓഫീസർ P.W.D.ഇലക്ട്രിക്കൽ വിഭാഗം കോഴിക്കോട് | ബിൽ നമ്പർ 25/1.3.19 292500 |
| | 1080000 | | |

മേൽ ഉത്തരവ് ഖണ്ഡിക 11.2.ഡി പ്രകാരം ഡപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി വിലയിരുത്തേണ്ടതാണ്. മേൽപ്രവർത്തികൾ പൂർത്തീകരിക്കാൻ കൈകൊണ്ട നടപടികൾ, പൂർത്തീകരിച്ചിട്ടുള്ള പക്ഷം

പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.തുക ഡപോസിറ്റ് ചെയ്ത P.W.D.ഇലക്ട്രിക്കൽ ഡിവിഷൻ കോഴിക്കോട് പ്രവർത്തികൾക്ക് ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട കരാറുടമ്പടി,പ്രവർത്തികൾ പൂർത്തീകരിച്ച പക്ഷം ഡപോസിറ്റ് തുകയുടെ വിനിയോഗസർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

**<u>1-13.9-തെരുവ് വിളക്ക് സ്ഥാപിക്കൽ-സ്പിൽ ഓവർ പ്രൊജക്ട് പ്രകാരം ഗുണനിലവാരമില്ലാത്ത തെരുവ് വിളക്കുകൾ സ്ഥാപിച്ചു.</u>**

പ്രൊജക്ട് നമ്പർ - 114/19(സ്പിൽ ഓവർ)

വകയിരുത്തിയ തുക- 499550 (തനത് ഫണ്ട്)

ചെലവുതുക- 498845 (ഓർഡർ നമ്പർ 7/28.6.18-250000

135/27/2/19 -248845)

മേൽ പ്രൊജക്ട് പ്രകാരം 295 എണ്ണം 24 watts L.E.D. സ്ട്രീറ്റ് ലൈറ്റുകൾ അലൂമിന ഇലക്ട്രോണിക്സ് കക്കാടം പൊയിൽ, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. (2017-18 ലെ ടെണ്ടർ നടപടികൾ സംബന്ധിച്ച ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.) ലഭ്യമാക്കിയ തെരുവു വിളക്കുകളിൽ 267 എണ്ണം വിവിധ വാർഡുകളിൽ 2018 മാർച്ച് മാസത്തിൽ സ്ഥാപിച്ചതായി 17 വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തെരുവുവിളക്കുകൾ സപ്ലൈചെയ്ത അലൂമിന ഇലക്ട്രോണിക്സ് മാനേജർക്ക് ആദ്യഗഡുവായി 250000 രൂപ ഭരണസമിതിയുടെ 2-6-2018 ലെ നാലാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട് ബാക്കിത്തുക തെരുവുവിളക്കുകളുടെ കാര്യക്ഷമത വിലയിരുത്തിയ ശേഷം നൽകാനും തീരുമാനിച്ചു. 2018 മാർച്ച് മാസത്തിൽ സ്ഥാപിച്ച തെരുവുവിളക്കുകളിൽ 66 എണ്ണം ഏതാനും മാസത്തിനകം പ്രവർത്തനക്ഷമമല്ലെന്ന് ബന്ധപ്പെട്ട വാർഡ് മെമ്പർമാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 28-11-2018ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അലൂമിന ഇലക്ട്രോണിക്സ് മാർക്കറ്റിംഗ് മാനേജർക്ക് അയച്ച കത്തിൽ എഗ്രിമെന്റ് പ്രകാരം മൂന്ന് വർഷവാറണ്ടിയുള്ള L.E.D ബൾബുകൾ തകരാറിലായത് നിരവധിതവണ ആവശ്യപ്പെട്ടിട്ടും സ്ഥാപനം റിപ്പെയർ ചെയ്തുതന്നിട്ടില്ലെന്നും തകരാറുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം തെരുവുവിളക്കുകൾ റിപ്പയർചെയ്ത് പ്രവർത്തനക്ഷമമാക്കിയതായി ബന്ധപ്പെട്ട വാർഡ് മെമ്പർമാർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. 14 വാർഡുകളിൽ 78 എണ്ണം റിപ്പയർചെയ്തതായും 3 വാർഡുകളിൽ എത്ര എണ്ണം റിപ്പയർ ചെയ്തെന്ന് മെമ്പർമാർ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും കൂടുതൽ തെരുവുവിളക്കുകൾ പ്രവർത്തന ക്ഷമമല്ലെന്ന് വ്യക്തമാകുന്നു. റിപ്പയർചെയ്ത പ്രവർത്തന ക്ഷമമാക്കിയതിന്റ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 5-2-19ലെ 2/2019 (1) നമ്പർ തീരുമാന പ്രകാരം അവശേഷിക്കുന്ന തുക കൂടി സ്ഥാപനത്തിന് നൽകിയതായി കാണുന്നു.

ആയത് സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1. പ്രോജക്ട് പ്രകാരം വാങ്ങിച്ച 295 തെരുവുവിളക്കുകളിൽ 267 എണ്ണം മാത്രമേ പഞ്ചായത്തിൽ സ്ഥാപിച്ചതായി വിവിധ മെമ്പർമാർ സാക്ഷ്യപത്രം നൽകിയിട്ടുള്ളൂ.. അവശേഷിക്കുന്ന 28 വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. സ്ഥാപിച്ച് മാസങ്ങൾക്കുള്ളിൽ തകാറിലായതെരുവുവിളക്കുളുടെ ഗുണനിലവാരം ആരെങ്കിലും സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

3. തെരുവുവിളക്കുകൾ പ്രവർത്തന ക്ഷമമാക്കിയതിന് ശേഷം എത്രഎണ്ണം പ്രവർത്തന രഹിതമായിട്ടുണ്ടെന്നോ , ആയത് പരിഹരിക്കുന്നതിന് നടപടികൾസ്വീകരിച്ചിട്ടുണ്ടോ എന്നകാര്യം വ്യക്തമാക്കിയിട്ടില്ല.

4. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് മുൻപ് K.S.E.Bയിൽനിന്നും അനുമതി പത്രം , സ്ഥാപിച്ചതിന് ശേഷം പൂർത്തികരണസാക്ഷ്യ പത്രം എന്നിവലഭ്യമാക്കിയതായി കാണുന്നില്ല.

തെരുവു വിളക്കുകൾ സ്ഥാപിച്ച് മാസങ്ങൾക്കുള്ളിൽ ആയത് പ്രവർത്തന രഹിതമായതു സംബന്ധിച്ച് മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട പൊതുമരാമത്ത്, ഊർജം വർക്കിഗ് ഗ്രൂപ്പിലോ, മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിഗ് കമ്മറ്റിയിലോ ചർച്ചക്ക് വന്നതായി കാണുന്നില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കിയും പ്രൊജക്ട് പ്രകാരം സ്ഥാപിച്ച മുഴുവൻ തെരുവു വിളക്കുകളും പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പുവരുത്തിയും ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

**<u>1-13.10.തെരുവ് വിളക്ക് സ്ഥാപിക്കൽ- വാങ്ങിയ തെരുവുവിളക്കുകൾ നാളിതുവരെ സ്ഥാപിച്ചില്ല</u>**

പ്രൊജക്ട് നമ്പർ - 67/18-19

വകയിരുത്തിയ തുക-768500

ചെലവുതുക- 442680 (ബിൽ നമ്പർ 32/22.3.19

നിർവഹണം - സെക്രട്ടറി

മേൽ പ്രൊജക്ട് പ്രകാരം 136 എണ്ണം 24 W. L.E.D സ്ട്രീറ്റ് ലൈറ്റുകൾ ക്രൂസ് മുഖേന വാങ്ങിയിട്ടുണ്ട്. ആയതിന് മേൽ ബിൽ പ്രകാരം പിൻവലിച്ച തുകയിൽ 10% തുക കുറവ് ചെയ്ത് 390444 രൂപ (2% G.S.T കഴിച്ച്) ക്രൂസിന് കൈമാറിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നാളിതുവരെ സ്ട്രീറ്റ് ലൈറ്റുകൾ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചതായി കാണുന്നില്ല. 7.9.19 ൽ ആയഞ്ചേരി പഞ്ചായത്ത് സെക്രട്ടറി ക്രൂസ് മാനേജർക്ക് അയച്ച കത്തിൽ പഞ്ചായത്ത് പരിധിയിൽ K.S.E.B.വടകര സൗത്ത് സെക്ഷൻ ഓഫീസിന് കീഴിൽ 44.എണ്ണവും K.S.E.B. ആയഞ്ചേരി സെക്ഷന് കീഴിൽ 92 എണ്ണവും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടെന്നും ഇൻസ്റ്റലേഷൻ ചാർജിനത്തിൽ തുക അടവാക്കിയിട്ടുണ്ടെന്നും ആയതിനാൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും അറിയിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് താഴെപ്പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ K.S.EBയിൽ നിന്നും ലഭിച്ച അനുമതി പത്രം

2. ഇൻസ്റ്റലേഷൻ ചാർജിനത്തിൽ തുക അടവാക്കിയ വിവരം

3. തെരുവുവിളക്കുകൾ നിലവിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ വാർഡ് മെമ്പർ മാരിൽ നിന്നുള്ള സാക്ഷ്യപത്രം, K.S.E.B.യിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം.

സ്ട്രീറ്റ് ലൈറ്റുകൾ ലഭ്യമാക്കി മാസങ്ങൾ കഴിഞ്ഞിട്ടും ആയത് സ്ഥാപിക്കാൻ നടപടികൾ കൈകൊള്ളാത്തത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. പ്രൊജക്ടിന്റെ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട പൊതുമരാമത്ത്, ഊർജം വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ട സമിതിയായ്

പ്രവർത്തിക്കേണ്ട വികസനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി എന്നിവ പ്രൊജക്ട് നടത്തിപ്പ് സംബന്ധിച്ച് തങ്ങളുടെ ഉത്തരവാദിത്വം നിർവഹിച്ചതായി കാണുന്നില്ല. ഓഡിറ്റിൽ പരാമർശിച്ച രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

**<u>1-13.11-സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നു.</u>**

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ ബ്ലോക്ക്/ ജില്ലാപഞ്ചായത്തുകളിൽ നിന്നായി വിവിധ സംയുക്ത പ്രൊജക്ടുകൾക്കായി മുൻ വർഷങ്ങളിൽ ഉൾപ്പെടെ ലഭ്യമായ തുകകൾ വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നതായി കാണുന്നു. (ബാലൻസ് ഷീറ്റ് B4സ്റ്റേറ്റ് മെന്റ് കാണുക). വിശദ വിവരം താഴെ.

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ട് നമ്പർ/പേര് | ലഭ്യമായ തിയ്യതി | തുക | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 29.3.18 | 210000 | 210000 |
| | ലൈഫ് ഭവന പദ്ധതി | 30.8.18 | 558619 | 18819 |
| | ബേബി ഫ്രണ്ട് ലി ടോയിലറ്റ് | 10.3.19 | 36000 | 36000 |
| ബ്ലോക്ക് പഞ്ചായത്ത് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 19.11.19 | 224400 | 600 |
| | ലൈഫ് ഭവന പദ്ധതി | 5.2.19 | 150000 | 150000 |
| | ലൈഫ് ഭവന പദ്ധതി | 5.3.19 | 630000 | 630000 |
| ആകെ | | | | 1045419 |

മേൽ തുകകളിൽ ജില്ലാപഞ്ചായത്തു വിഹിതമിനത്തിൽ അവശേഷിക്കുന്ന264819രൂപയിൽ 210000 രൂപ 2017-18 സാമ്പത്തിക വർഷത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ഇനത്തിൽ ലഭിച്ച തുകയാണ്. 2019-20 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ ആയി

ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച തുകകളൊഴികെ അവശേഷിക്കുന്ന ജില്ല/ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകൾ ജി.ഒ.പി.177/06 തി12.4.2006 ഖണ്ഡിക 11.7 ൽ നിർദ്ദേശിച്ച പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ചുനൽകാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

<u>1-13.12-പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം- പ്രോജക്ട് നടത്തിപ്പിൽ അപാകത</u>

പ്രോജക്ട് നമ്പർ - 101/18-19

വകയിരുത്തിയതുക - 360000

ചെലവുതുക – 144990 (ബിൽ നമ്പർ 3/18-19 തി 23-3-19 84995)

4/18-19 തി 23-3-19 59995)

മേൽ പ്രോജക്ട് പ്രകാരം 29 എണ്ണം വീതം മേശ കസേര എന്നിവ കേരള ആർട്ടിസൺസ് ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേനവാങ്ങി വിതരണം ചെയ്തിട്ടുണ്ട് ബന്ധപ്പെട്ട പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ട് പ്രകാരം 29 എണ്ണം വീതം മേശ കസേര എന്നവവാങ്ങിയതിൽ വിതരണ രജിസ്റ്റർ പ്രകാരം 27 എണ്ണം മാത്രമേ വിതരണം ചെയതിട്ടുള്ളൂ.
2. പഞ്ചായത്ത് പരിധിയിലുള്ള 34 വിദ്യാർത്ഥികൾ സ്കൂൾ അധികൃതരിൽ നിന്ന് സർട്ടിഫിക്കറ്റ് ലഭ്യാമാക്കിയിട്ടുണ്ടെങ്കിലും 27 പേർക്ക് മാത്രമേ ഫർണീച്ചറുകൾ വിതരണം ചെയ്തിട്ടുള്ളൂ.
3. താഴെപ്പറയുന്ന വിദ്യാർത്ഥിൾക്ക് സ്കൂൾ അധികൃതരിൽനിന്നും വിദ്യാർത്ഥികളാണെന്ന സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്.

   1 ഹിമഗംഗ sk – പുതിയോട്ടിൽ- കടമേരി

   2 തേജുകൃഷ്ണകുറ്റിയിൽ – കടമേരി

   3 ദേവാഞ്ജന – കുന്നത്തുമ്മൽതാഴ
4. സ.ഉ നമ്പർ 22/2018 ത.സ്വ.ഭ.വ തി 14-2-18 ഖണ്ഡിക 7.2.7 പ്രകാരം ഒരുവിദ്യാർത്ഥിക്ക് പഠനകാലയളവിൽ ഒരിക്കൽമാത്രമേ ഈആനുകൂല്യം നൽകാവൂ. പട്ടികജാതി /പട്ടികവർഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ആനുകൂല്യം ലഭിച്ചവർക്ക് ഈആനുകൂല്യത്തിന് അർഹതയില്ല. പട്ടികജാതി വികസന ഓഫീസറിൽ നിന്നും ആനുകൂല്യം ലഭ്യമാക്കിയിട്ടില്ലെന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് ഈ ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്.
5. പ്രോജക്ട് പ്രകാരം 72 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും 27 വിദ്യാർത്ഥികൾക്ക് മാത്രമേ ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളൂ.

പ്രോജക്ടിന്റെ മോണിട്ടറിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പോ, മേൽനോട്ട ചുമതലയുള്ള ആരോഗ്യം, വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മറ്റിയോ ഇക്കാര്യം ശ്രദ്ധിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് പ്രകാരം വാങ്ങിയ 2 കസേര, മേശ എന്നിവയുടെ വിതരണ വിവരം

ലഭ്യമാക്കിയും അവശേഷിക്കുന്ന പരാമർശങ്ങളിൽ ആവശ്യമായ രേഖകൾ ലഭ്യമാക്കിയും ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

**1-13.13.സ്കൂൾകുട്ടികൾക്ക് പ്രഭാതഭക്ഷണം - സർക്കാർ മാർഗനിർദേശങ്ങൾ പാലിച്ചില്ല.**

പ്രൊജക്ട് നമ്പർ – 97/19

നിർവഹണം – ഹെഡ് മാസ്റ്റർ

വകയിരുത്തിയതുക – 200000

ചെലവുതുക – 85000 (ചെക്ക് നമ്പർ 5204769 തിയ്യതി 27-3-19 )

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രൈമറി സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകൽ പ്രോജക്ട് പ്രകാരം ത്രിവേണി സൂപ്പർമാർക്കറ്റ് വടകരയിൽ നിന്നും 1650 കി.ഗ്രാം പൊടിയരിവാങ്ങി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 17 എൽ.പി, യുപി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. ആയത് വിതരണം ചെയ്തതിന്റെ വിശദാംശം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ സ.ഉ നമ്പർ 11/2018/ ത.സ്വ.ഭ.വ തി 29 -1-2018 ഖണ്ഡിക 7.6 (7) പ്രകാരം സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്കാണ് മേൽപ്രോജക്ട് പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത. എന്നാൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ സർക്കാർ/എയ്ഡഡ് മേഖലയിലുള്ള എല്ലാ എൽപി, യുപി വിദ്യാർത്ഥികൾക്കും പ്രഭാത ഭക്ഷണത്തിന് തുക ചെലവഴിച്ചതായി കാണുന്നു. സർക്കാർ മാർഗനിർദേശത്തിനു വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനും, ത്രിവേണി മുഖേന വാങ്ങിയ 1650 കിലോ പൊടിയരിയുടെ വിതരണ വിവരം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ ആയത് സർക്കാർ മാർഗനിർദേശ പ്രകാരം നടപ്പിലാക്കുന്നതിനും അല്ലാത്തപക്ഷം സർക്കാർ മുൻകൂർ അനുമതിയോടുകൂടി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതും, പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത അരിയുടെ വിതരണ വിവരം ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

**1-13.14 - വൃക്കരോഗികൾ, ഹൃദ് രോഗികൾ, കാൻസർ രോഗികൾ എന്നിവർക്ക് മരുന്ന് വിതരണം. പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ.**

പ്രൊജക്ട് നമ്പർ. 58/19

നിർവഹണം – മെഡിക്കൽ ഓഫീസർ,പി.എച്ച്.സി

വകയിരുത്തിയ തുക – 500000(മെയിന്റനൻസ് ഗ്രാന്റ് )

ചെലവുതുക – 450244 (ബിൽ നമ്പർ-14/18-19 തി19.3.19 -301179

19/18-19 തി 23-3-19 -149065)

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള വൃക്ക രോഗികൾ, ഹൃദ് രോഗികൾ, കാൻസർ രോഗികൾ എന്നിവർക്ക് ആവശ്യമായ മരുന്ന് വിതരണമാണ് ലക്ഷ്യമിട്ടത്. രോഗികൾക്ക് മരുന്ന് വിതരണം ചെയ്ത ഇനത്തിൽ പൊൻമേരി സർവീസ് സഹകരണ ബാങ്കിനുകീഴിലുള്ള, നീതി മെഡിക്കൽ സ്റ്റോർ ആയഞ്ചേരി എന്ന സ്ഥാപനത്തിന് ഗുണഭോക്താക്കൾക്ക് മരുന്നുകൾ വിതരണം ചെയ്ത കാഷ് ബില്ലിന്റെ അടിസ്ഥാനത്തിൽ തുക പിൻവലിച്ച് നിർവഹണ ഉദ്യോഗസ്ഥൻ കൈമാറിയിട്ടുണ്ട്. സ.ഉ.നമ്പർ 22/18 ത സ്വ.ഭ.വ തി.14.2.18 ഖണ്ഡിക 7.5.3 പ്രകാരം മാരകരോഗങ്ങൾ അടക്കമുള്ള ചികിത്സക്ക്

ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകളും ചികിത്സകളും ആശുപത്രി മുഖേന നൽകുന്നതിന് പ്രൊജക്റ്റ് തയ്യാറാക്കാവുന്നതും വാങ്ങി നൽകാവുന്നതുമാണെങ്കിലും പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച സർക്കുലർ 12245/എ1/05 തി 14.315 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ലഭിക്കുന്ന ആകെ മെയിന്റനൻസ് ഗ്രാന്റിന്റെ 10% വിനിയോഗിച്ച് ആശുപത്രികൾക്കാവശ്യമായ മരുന്നുകൾ വാങ്ങുന്ന പ്രോജക്ടുകൾ നടപടിക്രമം പാലിച്ച് നടപ്പിലാക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഇത്തരത്തിൽ പ്രത്യേക പ്രൊജക്റ്റിനായി മരുന്നുകൾ വാങ്ങുന്നതിന് തുക വകയിരുത്തുവാൻ നിഷ്കർഷിക്കുന്നില്ല. മാത്രമല്ല സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ആകെ മെയിന്റനൻസ് ഗ്രാന്റിന്റെ അലോട്ട് മെന്റ് റോഡ് ഇനത്തിൽ 7688000 രുപയും നോൺ റോഡ് ഇനത്തിൽ 32,03,000 രൂപയും ഉൾപ്പെടെ 10891000 രൂപയാണ്. ആയതിന്റെ 10% ആയ 1089100 രൂപ മാത്രമെ മരുന്നുകൾ വാങ്ങുന്നതിനായി ചെലവഴിക്കാൻ പറ്റൂ. എന്നാൽ ആയുർവേദ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിന് 875000 രൂപയും, ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിന് 200000 രൂപയും ഉൾപ്പെടെ 1075000 രൂപ നേരത്തെ തന്നെ മരുന്നുകളുടെ വിതരണത്തിന് വകയിരുത്തിയിട്ടുണ്ട്. മേൽപറഞ്ഞ കാരണങ്ങളാൽ മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി പ്രൊജക്റ്റ് നടപ്പാക്കിയത് നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

2. 24.1.2019 ലെ ഭരണ സമിതി തീരുമാനംനമ്പർ 11 പ്രകാരം വൃക്ക ,ഹൃദയ,കാൻസർ രോഗികളുടെ മരുന്ന വിതരണ പ്രൊജക്റ്റിന്റെ ആവശ്യത്തിന് ഗ്രാമസഭ മുഖേന ഗുണഭോക്താക്കൾ ലഭ്യമായിട്ടില്ലാത്തതിനാൽ P.H.C.മുഖേനയും , ഗ്രാമപഞ്ചായത്ത് മുഖേനയും ലഭിച്ച അപേക്ഷകളും പരിശോധിച്ച് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 73 പേർ ഉൾപ്പെടുന്ന ലിസ്റ്റ് മെഡിക്കൽ ഓഫീസർ പരിശോധക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിന് ഗ്രാമസഭയുടെയോ, ഭരണ സമിതിയുടെയോ അംഗീകാരം ലഭ്യമാക്കി കാണുന്നില്ല.

3. 14.2.18 ലെ സ.ഉ.നം 22/18 തി 14.2.18 ഖണ്ഡിക 7.5.3 .1.പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസ് കോർപ്പറേഷനിൽനിന്നും വാങ്ങിക്കണം. മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ ഇൻഡന്റ്നൽകി 2 മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ H.M.C ശുപാർശ പ്രകാരം അടിയന്തിര സാഹചര്യം മറികടക്കുന്നതിന് മാത്രം മരുന്നുകൾ കാരുണ്യ/ നീതി മെഡിക്കൽ സ്റ്റോർ മുഖേനവാങ്ങാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെന്നരിക്കെ അത്തരത്തിലുള്ള നടപടികൾ സ്വീകരിക്കാതെ മുഴുവൻ തുകക്കുള്ള മരുന്നുകളും നീതിമെഡിക്കൽ സ്റ്റോർ മുഖേന വാങ്ങി വിതരണം ചെയ്യുകയും ഗുണഭോക്താക്കളുടെ കാഷ് ബില്ലിന്റെ അടിസ്ഥാനത്തിൽ തുക നീതിസ്റ്റോറിന് നൽകുകയുമാണ് ചെയ്തിരിക്കുന്നത്.

4. ആനുകൂല്യം ആവശ്യമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയത് മെഡിക്കൽ ഓഫീസർ ഹാജരാക്കിയിട്ടുണ്ടെങ്കിലും ആനുകൂല്യം കൈപറ്റിയവരിൽ ചിലർ ലിസ്റ്റിൽ ഉൾപ്പെട്ടവരല്ല. ഉദാഹരണത്തിന് പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാത്ത മൊയ്തു.കെ.പി എന്ന ഗുണഭോക്താവിന് വിവിധ മരുന്ന ബില്ലുകൾ മുഖേന 154953 രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ ടിയാന്റെ അപേക്ഷയോ, രോഗവിവരം സംബന്ധിച്ച രേഖകളോ ഒന്നും തന്നെ പരിശോധക്ക് ലഭ്യമാക്കിയിട്ടില്ല. പരിശോധനക്ക് ലഭ്യമാക്കിയ അപേക്ഷകളിൽമിക്കതിലും നിത്യരോഗിയാണെന്ന് മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളു. ആയതിനാൽ പ്രൊജക്റ്റ് പ്രകാരം അർഹരായ രോഗികൾക്കാണോ

ആനുകൂല്യം വിതരണം ചെയ്തത് എന്ന് വ്യക്തമല്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ ആയത് സർക്കാർ മാർഗരേഖ നിർദ്ദേശങ്ങൾ പ്രകാരം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതും, പ്രൊജക്ടിനാധാരമായ മുഴുവൻ രേഖകളും പ്രൊജക്ടിനോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

**<u>1-13.15.ഹോമിയോ ആശുപത്രിക്ക് മരുന്നിനായി അടവാക്കിയ തുകക്ക് മരുന്നുകൾ ലഭ്യമായില്ല.</u>**

പ്രൊജക്ട് നമ്പർ – 11/19

വകയിരുത്തിയ തുക – 200000

ചെലവുതുക – 200000(ബിൽ നമ്പർ 1/18-19 തി 19.12.18)

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി മേൽ പ്രൊജക്ട് പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 2 ലക്ഷം രൂപ പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ.ഓപ്.ലിമിറ്റഡിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. സമൂഹത്തിന്റെ താഴെതട്ടിലുള്ള രോഗികൾക്ക് ആവശ്യമായ മരുന്നിനായി തുക അടവാക്കി മാസങ്ങൾ കഴിഞ്ഞിട്ടും ആയത് ലഭ്യമാവാത്തത് സംബന്ധിച്ച് നിർവഹണോദ്യോഗസ്ഥൻ യാതൊരുവിധ തുടർ നടപടികളും കൈകൊണ്ടതായി കാണുന്നില്ല. പ്രൊജക്ട് മോണിട്ടർ ചെയ്യേണ്ട ആരോഗ്യകാര്യ വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ട ചുമതലയുള്ള ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവയിലും മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭിക്കാത്തതു സംബന്ധിച്ച് ചർച്ചകളൊന്നും നടന്നതായി കാണുന്നില്ല. ചെലവുതുക 2,00,000 രൂപ തടസ്സത്തിൽ വെക്കുന്നു.

**<u>1-13.16-ജലനിധി പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം- വിശദ വിവരം ലഭ്യമാക്കേണ്ടതാണ്.</u>**

പ്രൊജക്ട് നമ്പർ 1/19

വകയിരുത്തിയ തുക 3500000

ചെലവുതുക 3500000 (ബിൽ നമ്പർ 5/18-19 തി 3.8.18 -1000000)

14/18-19 തി 30.11.18 -20,00,000

19/18-19 തി 29-1-19-500000)

നിർവഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ജലനിധി പദ്ധതിക്ക് വേണ്ടി 2018-19 സാമ്പത്തിക വർഷത്തിൽ 35 ലക്ഷം രൂപ ജലനിധി പദ്ധതി പ്രൊജക്ട് കമ്മീഷണറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായുള്ള ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ആയത് സംബന്ധിച്ച് 19.11.2018 ൽ ജലനിധി പ്രൊജക്ട് കമ്മീഷണർ ആയഞ്ചേരി പഞ്ചായത്ത് സെക്രട്ടറിക്ക് 19.11.2018 ൽ നൽകിയ കത്തിൽ പഞ്ചായത്തിൽ ജലനിധി പ്രവൃത്തികളിൽ ആകെയുള്ള 29 എണ്ണത്തിൽ 20 എണ്ണം പൂർത്തീകരിച്ചതായും അവശേഷിക്കുന്നവ ഉടൻ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ജലനിധി പദ്ധതിക്കായി പഞ്ചായത്ത് ഫണ്ടിൽ നിന്നും നാളിതുവരെ എത്രതുക വിനിയോഗിച്ചെന്നും, എത്ര പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചെന്നുമുള്ളതിന് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ജലനിധി പദ്ധതിയിൽ പഞ്ചായത്തിൽ നാളിതുവരെ എത്ര

പദ്ധതികൾ പൂർത്തീകരിച്ചെന്നും എത്രഎണ്ണം പൂർത്തീകരിക്കാനവശേഷിക്കുന്നു എന്ന വിവരം അറിയിക്കേണ്ടതോടൊപ്പം പദ്ധതിക്കായി പഞ്ചായത്ത് ഫണ്ടിൽ നിന്നും ആകെ എത്ര തുക വിനിയോഗിച്ചെന്ന വിവരവും അറിയിക്കേണ്ടതാണ്.

## 1-13.17-ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാമ്പത്തിക വർഷം വരെ 3477 കുടുംബങ്ങളിൽ നിന്നായി 4983 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 1407 കുടുംബങ്ങളിൽ നിന്നായി 1517 പേർ തൊഴിലിനായി അപേക്ഷിക്കുകയും അത്രയും പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ആക്ഷൻ പ്ലാൻ പ്രകാരം 427 പ്രവൃത്തികൾക്കായി 2200000 രൂപ വകയിരുത്തിയതിൽ 93 പ്രവൃത്തികളിലായി 163387754 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ 93 പ്രവൃത്തികളിലൂടെ 590731 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ മുൻവർഷത്തെത് ഉൾപ്പെടെ 17569361രൂപ ചെലവഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിൽ 47 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽദിനം ലഭ്യമായിട്ടുള്ളത്. സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളിൽ ഭൂരിഭാഗവും മണ്ണ് ജല സംരക്ഷണ പ്രവൃത്തികളാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികളുടെ കൂലി രണ്ടാഴ്ചയിലൊരു ദിവസം നൽകേണ്ടതും യാതൊരു കാരണവശാലും മസ്റ്റർ റോൾ ക്ലോസ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവർത്തികളിൽ ഒന്നും തന്നെ നിശ്ചിത സമയപരിധിക്കുള്ളിൽ തൊഴിലാളികളുടെ വേതന വിതരണം നടത്തിക്കാണുന്നില്ല.

## 1-13.18.അംഗൻവാടികെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് 3 ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. 29.01.2018 സ.ഉ (എം.എസ്) 11/2018 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 7.8.2 പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റു ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്.

22.03.2011ലെ നം.31055/ഡി.സി.2/2011/ ത.സ്വ.ഭ.വ നമ്പർ കേരള സർക്കാർ സർക്കുലറിൽ അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്.

എെ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ രേഖകൾ പ്രകാരം ആയഞ്ചേരി ഗ്രാമപഞ്ചായത്തിൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്തിൽ ആകെയുള്ള അങ്കണവാടികൾ | 25 |
| സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ | 6 |
| കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ | 24 |
| വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടികൾ | 22 |
| ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾ | 20 |
| | |

| | |
|---|---|
| ടോയിലറ്റ് ഇല്ലാത്തവ | 8 |

എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്നും സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ പരിശോധിച്ച് എഞ്ചിനീയർ/ഓവർസീയർ 22 അംഗൻവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. 3 അംഗൻവാടികൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 2018-19 ൽ അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും വേണ്ടത്ര ശ്രദ്ധ പതിപ്പിച്ച് കാണുന്നില്ല.

**1-13.19-ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് -ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാകാത്തതിനാൽ ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സഹായം നൽകാൻ കഴിഞ്ഞില്ല.**

നിർവ്വഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ – 1117500 (പൊതുവിഭാഗം-667500, ബ്ലോക്ക് പഞ്ചായത്ത് വിഹിതം-225000,
ജില്ലാ പഞ്ചായത്ത് വിഹിതം – 225000)

ചെലവ് – 823200/-രൂപ. (ബിൽ നം-5/66 തി.30.11.2018-343800/-

ബിൽ നം – 7/66തി.29.01.2019-105000

ചെക്ക് നം – 0480980/29.03.2019-150000/-

ചെക്ക് നം – 0480976/28.03.2019-224400/-)

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി– ധനസഹായം – അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (കൈ)നം.22/2018/ തസ്വഭവ,തീയ്യതി 14.02.2018 ഖണ്ഡിക 7.1.6 പ്രകാരം ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന സഹായങ്ങൾ പരാമർശിച്ചിട്ടുണ്ട്. ആയത് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പും വാർഷിക ബത്തയും ഉൾപ്പെടെ ഏറ്റവും താഴ്ന്ന ക്ലാസിൽ പഠിക്കുന്നവർക്ക് മിനിമം 5300 രൂപയും മാനസികവെല്ലു വിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം 28500 രൂപയ്ക്ക് വരെയും അർഹതയുണ്ട്.

തൻവർഷം 71 ഗുണഭോക്താക്കൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 40 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവരായുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് 28,500/- നിരക്കിൽ 40 പേർക്ക് 11,40,000/- രൂപയും ശാരീരിക ബുദ്ധിമുട്ടുകൾ നേരിടുന്നവർക്ക് 5,300/- നിരക്കിൽ 31 പേർക്ക് 1,64,300/- രൂപയും അടക്കം 13,04,300/- രൂപയുടെ പ്രോജക്ട് തയ്യാറാക്കേണ്ടതിന് പകരം 11,17,500/- രൂപ വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയത്. ആയതിൽ തന്നെ ജില്ലാപഞ്ചായത്ത് വിഹിതം 225000/- വകയിരുത്തിയതിൽ

1,50,000/- രൂപയാണ് ലഭ്യമായിട്ടുള്ളത്. വകയിരുത്തിയ 75,000/- രൂപ ലഭ്യമാവാത്തതിനാൽ 11 മാസത്തേക്കാണ് സ്കോളർഷിപ്പ് തുക വിതരണം ചെയ്യാൻ സാധിച്ചിട്ടുള്ളത്.

പ്രോജക്ട് തയ്യാറാക്കുമ്പോൾ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹമായ ആനുകൂല്യം ലഭ്യമാവുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**1-13.20.ആദായനികുതിയിനത്തിൽ നഷ്ടം**

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 21.07.2018ലെ 4-7/18(1) നമ്പർ തീരുമാന പ്രകാരം 2018-19ലെ എല്ലാ പ്രിന്റിംഗ് പ്രവൃത്തികളും ബ്രൈറ്റ് ഓഫ് സെറ്റ്, ആയഞ്ചേരി എന്ന സ്ഥാപനത്തിന് നൽകികൊണ്ടുള്ള ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ ആവശ്യങ്ങൾക്കായി മേൽ സ്ഥാപനത്തിൽ നിന്നും അച്ചടി പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും ആദായ നികുതി നിയമത്തിലെ 194 (സി) വകുപ്പ് പ്രകാരം നിയമാനുസൃതമായി ഈടാക്കേണ്ടിയിരുന്ന രണ്ട് ശതമാനം നികുതി ആയിരുന്ന 2048/- രൂപ (94150+8230= 102380*2/100) ഈടാക്കിയതായി കാണുന്നില്ല. 1961-ലെ ആദായനികുതി നിയമം, വകുപ്പ്-194 സി പ്രകാരം ഒരു സ്ഥാപനത്തിന് ഒറ്റ ബില്ലിൽ 30,000/- രൂപയിൽ കൂടുതലോ, ഒരു സാമ്പത്തി കവർഷം വിവിധ ബില്ലുകളിലായി 1,00,000/- രൂപയിൽ കൂടുതലോ തുക നൽകുന്ന പക്ഷം ആ സ്ഥാപനത്തിൽ നിന്നും ആദായനികുതി @ 2% ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ബ്രൈറ്റ് ഓഫ് സെറ്റ്, ആയഞ്ചേരി - എന്ന സ്ഥാപനത്തിൽ നിന്നും 2018-19 വർഷം പ്രിന്റിംഗ് ചാർജിനത്തിൽ നൽകിയ തുകയായ 102380/- രൂപയിൽനിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നമ്പർ | തീയ്യതി | വൗച്ചർ നമ്പർ | തുക |
|---|---|---|---|
| 51800147 | 16.06.18 | 21800147 | 19600 |
| 51800621 | 18.01.19 | 21800616 | 5000 |
| 51800622 | 18.01.19 | 21800615 | 8900 |
| 51800726 | 22.02.19 | 21800715 | 14100 |
| 51800825 | 30.03.19 | 21800817 | 46550 |
| ആകെ | | | 94150/- |

വി.ഇ.ഒ മുഖേന 30.3.2019 ലെ ചെക്ക് നമ്പർ 045260 പ്രകാരമുള്ള 8230/- രൂപയും സെക്രട്ടറി നൽകിയ 94150/- രൂപയും ആകെ 102380/- രൂപ 2018-19 സാമ്പത്തിക വർഷത്തിൽ ബ്രൈറ്റ് ഓഫ് സെറ്റ്, ആയഞ്ചേരി എന്ന സ്ഥപാനത്തിന് നൽകിയിട്ടുണ്ട്.

അപാകതക്ക് വിശദീകരണം ആവശ്യപെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 2/18-19ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-13.21.തെരുവ് വിളക്ക്, തെരുവ് ടാപ്പ് വിവരങ്ങൾ ലഭ്യമല്ല**

2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരവും സ്ഥാപനത്തിലെ തനത് ഫണ്ട് വൗച്ചറുകൾ പ്രകാരവും തെരുവ് വിളക്കുകളുടെ ഊർജ്ജ വിനിയോഗ ചെലവിനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തൻവർഷം 274701/- രൂപ കെ.എസ്.ഇ.ബി യ്കു് അടവാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നിലവിലുള്ള തെരുവ് വിളക്ക് രജിസ്റ്റർ അപൂർണ്ണമാണ്. വാർഡടിസ്ഥാനത്തിൽ പ്രവർത്തനക്ഷമം ആയവയും അല്ലാത്തവയുമായ തെരുവ് വിളക്കുകളുടെ വിവരം ലഭ്യമല്ല. ഈ സാഹചര്യത്തിൽ കെ.എസ്.ഇ.ബി യ്ക് അവരുടെ ഡിമാന്റിനെ മാത്രം ആശ്രയിച്ച് പണം ഒടുക്കുന്നത് പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തുന്നുണ്ട്.

പഞ്ചായത്ത്, കെ.എസ്.ഇ.ബി യുമായി ചേർന്ന് വാർഡ് അടിസ്ഥാനത്തിൽ ഒരു സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ ഒരു ഡാറ്റ തയ്യാറാക്കുകയും തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കുകയും ചെയ്യേണ്ടതാണ്. വാർഡ്/സെക്ഷൻ അടിസ്ഥാനത്തിൽ ഊർജ്ജ മീറ്ററുകൾ സ്ഥാപിച്ച് ഉപയോഗിച്ച ഊർജ്ജത്തിനു മാത്രം പണം ഒടുക്കാൻ ശ്രദ്ധിക്കേണ്ടതും ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ അത്യാവശ്യമാണ്.

**1-13.22.മാലിന്യസംസ്കരണ പ്രൊജക്ടുകൾ നടപ്പിലാക്കുന്നില്ല**

ഖരമാലിന്യമുൾപ്പടെയുള്ള മാലിന്യങ്ങളുടെ നിർമ്മാർജ്ജനം പ്രാദേശിക സർക്കാരുകളുടെ ചുമതലയാണെന്ന് പ്രസക്തമായ നിയമങ്ങളും ചട്ടങ്ങളും വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219(എ)മുതൽ219(യു) വരെ നിയമങ്ങൾ മേൽക്കാര്യം വിശദമാക്കുന്നു. കൂടാതെ കേന്ദ്ര സർക്കാർ 2016 ൽ പുറപ്പെടുവിച്ച 1)2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ 2) 2016 ലെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ചട്ടങ്ങൾ 3) 2016 ലെ ഇ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ 4) 2016 ലെ ഹസാർഡസ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ 5)2016 ലെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ

6)2016 ലെ കൺസ്ട്രക്ഷൻ &ഡിമോളിഷ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ എന്നീ ചട്ടങ്ങളും മേൽ ചട്ടങ്ങൾക്ക് അനസൃതമായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 26.5.17ലെ ഹരിതകേരള മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ, 15.7.17 ലെ എം.എസ് 2420/17/ എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരമുള്ള ശുചിത്വ മാലിന്യ സംസ്കരണ മിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ എന്നീ മാർഗ്ഗരേഖകളും മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ പ്രാദേശിക സർക്കാരുകളുടെ ഇടപെടലിന്റെ തോത് എത്രത്തോളമെന്ന് വ്യക്തമാക്കുന്നു. മാലിന്യസംസ്കരണപ്രൊജക്ടുകൾ തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എൻജിനിയറിംഗ് വിഭാഗമാണ്.എന്നാൽ നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ലാത്തതും യന്ത്രസാമഗ്രികൾ സ്ഥാപിക്കേണ്ടതില്ലാത്തതുമായ പ്രൊജക്ടുകൾ വില്ലേജ്

എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നടപ്പിലാക്കാവുന്നതുമാണ്.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിൽ പ്രമുഖസ്ഥാനമാണ് മാലിന്യസംസ്കരണത്തിന് .

മാലിന്യസംസ്കരണവുമായി ബന്ധപെട്ട് ആയഞ്ചേരി ഗ്രാമപഞ്ചായത്ത് 2018-19സാമ്പത്തിക വർഷം താഴെ പറയുന്ന പ്രൊജക്ടുകൾ ആവിഷ്ക്കരിച്ചിട്ടുണ്ട് എന്നാൽ പ്രസ്തുത പ്രൊജക്ടുകളിൽ രണ്ട് പ്രൊജക്ടുകളിൽ മാത്രമാണ് നാമമാത്ര ചെലവ് നടത്തിയിട്ടുള്ളത്.

| പ്രൊജക്ട് നമ്പർ | പ്രോജക്ടിൻെറ പേര് | അടങ്കൽ | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| എസ്.ഒ 193 | പ്ലാസ്റ്റിക്ക് ഷ്രഡ്ഡിംഗ് യൂണിറ്റ് | 750000/- | 0 | വി.ഇ.ഒ |
| 258 | ഗാർഹിക ബയോഗ്യാസ് | 357000/- | 0 | വി.ഇ.ഒ |
| 257 | വ്യക്തിഗത ശുചിത്വ കിണർ | 852000/- | 108000/- | വി.ഇ.ഒ |
| 259 | മാലിന്യസംസ്കരണം | 1775000/- | 23467/- | വി.ഇ.ഒ |
| 237 | മാലിന്യസംസ്കരണം കെട്ടിടനിർമ്മാണം(സീറോ വേസ്റ്റ് കോഴിക്കോട് ) | 1150000/- | 0 | അസി.എൻഞ്ചിനിയർ |
| 264 | അറപ്പീടിക എം.സി.എഫ് കെട്ടിടം | 200000/- | 0 | അസി.എൻഞ്ചിനിയർ |

പ്ലാസ്റ്റിക്ക് ഷ്രഡ്ഡിംഗ് യൂണിറ്റ്, ഗാർഹിക ബയോഗ്യാസ്, മാലിന്യ സംസ്കരണം കെട്ടിടനിർമ്മാണം (സീറോ വേസ്റ്റ് കോഴിക്കോട്), അറപ്പീടിക എം.സി.എഫ് കെട്ടിടം എന്നീ പ്രൊജക്ടുകളിൽ ചെലവുകളൊന്നും നടത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (4/18-19) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**<u>1-13.23.സൗജന്യമായി ഭൂമി ലഭിച്ചിട്ടും തുടർ നടപടികൾ സ്വീകരിച്ചില്ല.</u>**

ആയഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.12.2018ലെ ആറാം നമ്പർ അജണ്ടയിലെ തീരുമാനനമ്പർ 1 പ്രകാരം റംല ചീക്കിലോട്ട് എന്നവരുടെ കൈവശത്തിലുള്ള ആയഞ്ചേരി ഗ്രാമപഞ്ചായത്ത് കടമേരി അംശം ദേശത്ത് റീ സർവ്വേ 35/3 ലെ 37.5 സെൻെറ് സ്ഥലത്ത് നിന്ന് വടക്ക് പടിഞ്ഞാറ് ഭാഗത്തുള്ള 3 സെൻെറ് സ്ഥലം ഗ്രാമപഞ്ചായത്തിന് ആവശ്യമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി വിട്ടുതരുന്നതിന് സമ്മതം അറിയിച്ചുകൊണ്ടുള്ള കത്ത് പരിഗണിക്കുകയുണ്ടായി. മേൽ സ്ഥലം രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ സ്ഥലം ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപെടുത്തിയതിന്റെയും ഭൂനികുതി അടവാക്കിയതിന്റെയും ഉൾപ്പെടെ ഇത് സംബന്ധിച്ച മുഴുവൻ വിവരങ്ങളും രേഖകളും ഹാജരാക്കുവാനാവശ്യപെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 25/18-19ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# <u>ഭാഗം -2</u>

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| 2018-19 | 15.07.2019-16.07.2019 | കെ.എസ്.എ.കെ.കെ.ഡി/ഇ2/887/2019(3) തിയ്യതി-01/08/2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 325000 | 14/18-19 മിൽക്ക് ഇൻസെന്റീവ് | 325000 | 0 |
| | 2018-19 | 225000 | 66/18-19. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 224400 | 600 |
| | 2018-19 | 300000 | 39/18-19. നെൽകൃഷിക്ക് കൂലിച്ചെലവ് | 300000 | 0 |
| | 2018-19 | 780000 | 42/18-19. ലൈഫ് ഭവനപദ്ധതി | 0 | 780000 |
| | 2018-19 | 125000 | 50/18-19. മുട്ടഗ്രാമം | 125000 | 0 |
| സെക്രട്ടറി ജില്ലാപഞ്ചായത്ത് | 2017-18 | 210000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 210000 |
| | 2018-19 | 558619 | 42/18-19. ലൈഫ് ഭവനപദ്ധതി | 539800 | 18819 |
| | 2018-19 | 360000 | 39/18-19. നെൽകൃഷിക്ക് കൂലിച്ചെലവ് | 360000 | |
| | 2018-19 | 150000 | 66/18-19. ശാരീരിക മാനസിക വെല്ലുവിളി | 150000 | |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| | 2018-19 | 36000 | ബേബി ഫ്രണ്ട്ലി ടോയ്‌ലെറ്റ് | 0 | 36000 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| എക്സിക്യൂട്ടീവ് ഓഫീസർ. പി.ഡബ്ല്യു. ഇലക്ട്രിക്കൽ വിങ്- കോഴിക്കോട് | 103/18-19 അംഗൻവാടി വൈദ്യുതീകരണം | ബിൽ നം- 23/1.03.2019 687500/- 24/01.03.2019 100000/- | 787500 | വിവരം ലഭ്യമല്ല | |
| എക്സിക്യൂട്ടീവ് ഓഫീസർ. പി.ഡബ്ല്യു. ഇലക്ട്രിക്കൽ വിങ്- കോഴിക്കോട് | 267/18-19. ഫാമിലി ഹെൽത്ത് സെന്റർ റീവയറിംഗ് | ബിൽ നം- 25/01.03.2019 292500/- | 292500/- | വിവരം ലഭ്യമല്ല | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4960000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ

തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി വായ്പ | ജി.ഒ(എം.എസ്) 2278/തസ്വഭവ | 2018/19 | 4960000 | -- | --- | 4960000 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 34052/- രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | | 734 | ശ്രീമതി.ഉഷ<br>സെക്രട്ടറി | 118040100417/ 22.05.2018 |
| 2017-18 | 3-10 | 20885 | ശ്രീമതി.ഉഷ സി<br>അസിസ്റ്റന്റ് എഞ്ചിനീയർ | 118040104185/ 11.03.2019 |
| 2017-18 | 3-11 | 9225 | ശ്രീമതി.ഉഷ സി<br>അസിസ്റ്റന്റ് എഞ്ചിനീയർ | 118040104186/ 11.03.2019 |
| | | 3208 | ശ്രീ.സതീശൻ.കെ.കെ<br>സീനിയർ ക്ലാർക്ക് | 118040103145/ 11.01.2019 |
| ആകെ | | 34,502 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.1.74 | മൃഗസംരക്ഷണം നീക്കിവെക്കുന്ന തുകകൾ പരിമിതം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.3.78 | മൃഗസംരക്ഷണ പദ്ധതികൾ നാമമാത്രം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.9.94 | മൃഗാശുപത്രികളിൽ മരുന്ന് അപര്യാപതം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.12.100 | കർഷകർക്ക് പരിശീലനം നൽകിയില്ല. | തടസ്സം തുടരുന്നു. |
| | | | 5.7.12.100 | ഗോരക്ഷാ ക്യാമ്പുകൾ നടത്തിയിട്ടില്ല. | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.12.101 | സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിലെ കാലതാമസം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.12.105 | കാലിത്തീറ്റയുടെ ഗുണ നിലവാരം പരിശോധിക്കുന്നില്ല. | തടസ്സം തുടരുന്നു. |
| 2015-16 | 2-6 | 2016-17 | അനുബന്ധം-5.210 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 86593229 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66749837 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 18,18,124 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | | |
| | | ഇല്ല | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13.5 | 2880 | ഡോ.ശ്രീനേഷ്.വെറ്റിനറി സർജൻ |
| 1-13.8 | 1080000 | ശ്രീ.രാജീവ്.പി<br>സെക്രട്ടറി |
| 1-13-13 | 85,000 | ശ്രീ.വേണഗോപാലൻ,<br>ഹെഡ്മാസ്റ്റർ |
| 1-13.14 | 450244 | ഡോ.വിജിത്ത് പി.കെ<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 1-13.15 | 200000 | ഡോ.ജ്യോത്സന മെഡിക്കൽ ഓഫീസർ<br>ഹോമിയോ |

| | | |
|---|---|---|
| ആകെ | 18,18,124 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1.13.20 | 2048 |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ശ്രീനേഷ്<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ.<br>വെറ്റിനറി ഡിസ്പെൻസറി<br>പാലയാട് | കണ്ണാടിപ്പൊയിൽ<br>പനങ്ങാട്<br>ബാലുശ്ശേരി |
| ശ്രീ.രാജീവ്.പി<br>സെക്രട്ടറി | സെക്രട്ടറി<br>ചാത്തമംഗലം ഗ്രാമപഞ്ചായത്ത് | ലഭ്യമാക്കിയിട്ടില്ല |
| ഡോ.വിജിത്ത്.പി.കെ<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി ആയഞ്ചേരി | ലഭ്യമാക്കിയിട്ടില്ല |
| ഡോ.ജ്യോത്സന<br>മെഡിക്കൽ ഓഫീസർ<br>ഹോമിയോ | വിവരം ലഭ്യമല്ല | ജ്യോതിർഗമയ<br>പാറോപ്പടി<br>മേരിക്കുന്ന് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1992-93& | എൽ.എഫ് /കെകെഡി/പി5/1893/ | 2 | 15,17 |

| | | | |
|---|---|---|---|
| 1993-94 | 2013/30.01.2014 | | |
| 1994-95 | എൽ.എഫ് /കെകെഡി/പി5/1893/ 2013/30.01.2014 | 2 | 16,17 |
| 1995-96 | എൽ.എഫ് /കെകെഡി/പി5/1893/ 2013/30.01.2014 | 4 | 11,12-3,14,15 |
| 1996-97 | എൽ.എഫ് /കെകെഡി/പി5/1893/ 2013/30.01.2014 | 1 | 26 |
| 1997-98 | എൽ.എഫ് /കെകെഡി/പി5/1893/ 2013/30.01.2014 | 7 | |
| 1998-99 | എൽ.എഫ് /കെകെഡി/പി5/1893/ 2013/30.01.2014 | 3 | 35,37,39 |
| 1999-00 | എൽ.എഫ് /കെകെഡി/പി5/1893/ 2013/30.01.2014 | 7 | 21,31ഡി, 35,36, 37,38,39 |
| 2002-03 | എൽ.എഫ് /കെകെഡി/പി5/1893/ 2013/30.01.2014 | 2 | 3-1,3-4 |
| 2003-04 | എൽ.എഫ് /കെകെഡി/പി5/1893/ 2013/30.01.2014 | 3 | 2-3,3-3,3-5 |
| 2004-05 | എൽ.എഫ് /കെകെഡി/പി5/1893/ 2013/30.01.2014 | 7 | 2-1(3,4),2-2, 3-1, 3-2,3-3, 3-4 |
| 2005-06 | എൽ.എഫ് /കെകെഡി/പി5/1893/ 2013/30.01.2014 | 9 | 3-1,3-2,3-4,3-5, 3-6,3-7,3-8(2,3) |
| 2006-07 | എൽ.എഫ് /കെകെഡി/പി5/1893/ 2013/30.01.2014 | 9 | 2-5,3-3,3-4,3-5, 3-6, 3-7,3-9, 3-10 |
| 2008-09& 2009-10 | എൽ.എഫ് /കെകെഡി/പി5/1018/ 2012/16.07.2012 | 16 | 3-2(1-4), 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13 |
| 2010-11& 2011-12 | എൽ.എഫ് /കെകെഡി/പി5/1893/ 2013/30.01.2014 | 9 | 2-2,3-2,3-5(1), |

| | | | |
|---|---|---|---|
| | | | 3-7, 3-12, 3-13, 3-15, 3-16, 3-17, 3-19, 3-20 |
| 2012-13& 13-14 | കെ.എസ്.എ/കെ.കെ.ഡി/ പി5/877(1)/2015/13.1.2016 | 31 | 2-1,2-2,2-3, 3-1, 3-3 മുതൽ 3-15 വരെ, 3-17,3-18 മുതൽ 3-29 വരെ, 3-31 |
| 2014-15 | കെ.എസ്.എ/കെ.കെ.ഡി/പി5/1128/ 16/6.05.2017 | 6 | 2-2,3-1,3-3, 3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി/പി5/50/ 2017/3.01.2018 | 27 | 2-1,2-2, 2-3, 2-4,2-5(1-6), 2-6 (1-4), 2-8(1-2), 3-1,3-3, 3-5, 3-6, 3-7, 3-8,3-9, 3-10, 3-11, 3-14, 3-17,3-18 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/പി5/112/ 2017/27.03.2018 | 13 | 2-1,2-2, 2-4(1), 2-4(2), 3-2,3-3, 3-4, 3-6, 3-7, 3-8,3-9,3-10, 3-11 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/പി5/2754/ 2018/18.01.2019 | 21 | 1-12,2-2,2-3, 2-4,2-5, 3-1, 3-2,3-3,3-4,3-5, 3-6,3-7,3-8, |

| | | | |
|---|---|---|---|
| | | | 3-9,3-10, 3-11,3-12,3-13, 3-14,3-15,3-16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

# <u>അനുബന്ധം 1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ.കെ.കെ.ഡി.പി10/1738/2019 തിയ്യതി:06.11.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ആയഞ്ചേരി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക 1-11 കാണുക) ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്.